
27
2024
ജൂൺ
ബുധൻ
മിഥുനം 13

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.208 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-208 പേജ് 4. വില 2.00 രൂപ

02 വിലക്കയറ്റത്തിൽ പൊറുതിമുട്ടിയെന്ന് പ്രതിപക്ഷം, വിലക്കുറവെന്ന് മന്ത്രി
03 കളിയിക്കാവിളയിലെ കൊലപാതകം; കുപ്രസിദ്ധ ഗുണ്ട ചൂഴാറ്റുകോട്ട അമ്പിളി പൊലീസ് പിടിയിൽ
04 ലോക് സഭാ സ്പീക്കറായി ഓം ബിർളയെ തിരഞ്ഞെടുത്തു

# വിഴിഞ്ഞം തുറമുഖം: ട്രയൽ റൺ അടുത്ത മാസം



വിഴിഞ്ഞം: ജൂൺ മുതൽ ട്രയൽ റണ്ണിനായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ചരക്ക് കപ്പൽ അടുക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം ഫലം കണ്ടില്ല. എല്ലാ ഒരുക്കങ്ങളും നടപടികളും പൂർത്തിയാക്കി അടുത്ത മാസം പകുതിയോടെ കപ്പൽ എത്തിക്കാമെന്ന വിശ്വാസത്തിലാണ് അധികൃതർ.

ആദ്യമെത്തുന്ന കപ്പലിനെ പുറംകടലിൽ നിന്ന് വാർഫിൽ അടുപ്പിക്കാൻ ചുമതലപ്പെട്ട ടഗ്ഗിൻറെ കഴിവ് പരിശോധന ഈ മാസം അവസാനം നടക്കും. അതിനായി കൊച്ചിൽ ഷിപ്പിയാർഡിൻറെ മേൽനോട്ടത്തിൽ വിഴിഞ്ഞത്തുള്ള ബൊള്ളാർഡ് പുൾടെസ്റ്റിംഗ് കേന്ദ്രവും സജ്ജമായി. തുറമുഖം പ്രവർത്തനമാരംഭിക്കുന്നതോടെ വിഴിഞ്ഞത്ത് വരാൻ വൻകിട കപ്പൽ നിർമാണ ശാലകൾ സന്നദ്ധത അറിയിച്ചതായും അറിയുന്നു.

ലോകത്തെ ഏറ്റവും വലിയ കപ്പൽ നിർമാണ കേന്ദ്രമായ സൗത്ത് കൊറിയയുടെ മേൽനോട്ടത്തിലുള്ള ഹ്യൂണ്ടായ്, ഏഴ് അറബ് രാഷ്ട്രങ്ങളുടെ നിയന്ത്രണത്തിലുള്ള എവർഗ്ലോ , ഫ്രാൻസിൻറെയും ജർമനിയുടെയും നിയന്ത്രണത്തിലുള്ള സിഎംഎ ബാലോർ എന്നിവ കൂറ്റൻ കപ്പലുകൾ എത്തിക്കുന്നതിനുള്ള താല്പര്യം പ്രകടിപ്പിച്ചതായും പറയപ്പെടുന്നു.

കൂടാതെ ലോകത്തെ ആകെയുള്ള 240 കപ്പൽ നിർമാണ കേന്ദ്രങ്ങളുടെ കൂടുതൽ കപ്പലുകൾ വരും വർഷങ്ങളിൽ വിഴിഞ്ഞം തുറമുഖത്ത് അടുക്കുമെന്നാണ് അധികൃതരുടെ വിശ്വാസം.

അതോടെ മറ്റൊരിടത്തും ഇല്ലാത്ത പ്രകൃതിദത്ത ആഴവും കപ്പൽ ചാനലിന് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം തുറമുഖം ലോകത്തെ ഏറ്റവും തിരക്കുള്ള ഒന്നായി മാറും.

നിലവിൽ ഏതു തരം ചരക്കുകപ്പലുകളെയും അടുപ്പിക്കാൻ അധികാരപ്പെട്ട കസ്റ്റംസ് വിഭാഗത്തിന് അംഗീകാരം ലഭിച്ചെങ്കിലും ഓഫീസ് പൂർണതോതിൽ പ്രവർത്തന സജ്ജമാക്കാനുള്ള ഓൺലൈൻ എന്നിവ പൂർത്തിയാകാനുണ്ട്.

കൂടാതെ ഐസിപി ഉൾപ്പെടെയുള്ള കോഡും അനുവദിച്ച് കിട്ടാനുണ്ടെന്നും അറിയുന്നു. ഇവക്കായുള്ള നടപടികൾ ധ്രുതഗതിയിൽ നടക്കുന്നനായും ഉടൻ ലഭിക്കുമെന്നും അധികൃതർ പറയുന്നു.



സംസ്ഥാനത്തെ മഴക്കെടുതിയും ദുരന്ത നിവാരണ മുന്നൊരുക്കങ്ങളും ചർച്ച ചെയ്യുന്നതിനായി റവന്യൂ മന്ത്രി കെ. രാജന്റെ നേതൃത്വത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ചേർന്ന യോഗത്തിൽനിന്ന്

# കനത്ത മഴ

## അതിതീവ്ര മഴയ്ക്ക് സാധ്യത ; വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനം നിരോധിച്ചു

തിരുവനന്തപുരം :മധ്യ കേരള തീരം മുതൽ മഹാരാഷ്ട്ര തീരം വരെ ന്യൂന മർദ്ദ പാത്തി സ്ഥിതിചെയ്യുന്നതിനാൽ സംസ്ഥാനത്തു പലയിടങ്ങളിലും കനത്ത മഴ തുടരുകയാണെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. കാലവർഷക്കെടുതി സംബന്ധിച്ചു ജില്ലാകളക്ടർമാരുടെ അവലോകന യോഗത്തിനു ശേഷം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു മന്ത്രി.

കേരള തീരത്തു പടിഞ്ഞാറൻ, തെക്ക് പടിഞ്ഞാറൻ കാറ്റ് ശക്തമായി തുടരുന്നു. ഇതിന്റെ ഫലമായി അടുത്ത 3 ദിവസം വരെ അതിശക്തമായതോ അതിതീവ്രമായതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, ഇടുക്കി, എറണാകുളം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ ഇന്ന് (ജൂൺ 26.06.2024) ഓറഞ്ച് അലെർട്ടും നാളെ (27.06.2024) കണ്ണൂർ, വയനാട് ജില്ലകളിൽ ഓറഞ്ച് അലേർട്ടും കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. റഡാർ ഡാറ്റാ പ്രകാരം കേരള തീരത്ത് കാലവർഷക്കാറ്റ് മണിക്കൂറിൽ പരമാവധി 45 55 കിലോമീറ്റർ വരെ വേഗതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കണം.കഴിഞ്ഞ 24 മണിക്കൂറിൽ ഈ വർഷത്തെ കാലവർഷ സീസണിലെ സംസ്ഥാനത്തെ ഏറ്റവും കൂടിയ മഴ ഇന്ന് (26 ജൂൺ) രേഖപ്പെടുത്തി (ശരാശരി 69.6 മില്ലിമീറ്റർ മഴ). ജില്ലകളിൽ കോട്ടയം ജില്ലയിൽ ശരാശരി 103 മില്ലിമീറ്റർ മഴയും വയനാട് (95.8 മില്ലിമീറ്റർ), കണ്ണൂർ (89.2 മില്ലിമീറ്റർ) കാസർഗോഡ് (85) എറണാകുളം (80.1) മഴയും രേഖപ്പെടുത്തി.കോട്ടയം ജില്ലയിലെ കിടങ്ങൂരിൽ (199 മില്ലിമീറ്റർ) ആണ്. കഴിഞ്ഞ 24 മണിക്കൂറിൽ ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്.

കോട്ടയം (174) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഡാം (165 മില്ലിമീറ്റർ) മഴ രേഖപ്പെടുത്തി.കേരളതീരത്തു ഉയർന്ന തിരമാല ജാഗ്രത നിർദേശം നിലനിൽക്കുന്നു. കൂടാതെ ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇന്നും നാളെയും കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടുള്ളതല്ല എന്ന അറിയിപ്പും നിലനിൽക്കുന്നുണ്ട്.കേന്ദ്ര ജല കമ്മീഷൻ (CWC) പ്രളയ മുന്നറിയിപ്പ് സംവിധാന പ്രകാരം പത്തനംതിട്ട ജില്ലയിലെ മഡമൺ സ്റ്റേഷൻ (പമ്പ നദി), കല്ലൂപ്പാറ സ്റ്റേഷൻ (മണിമല നദി) എന്നിവിടങ്ങളിൽ ഇന്ന് ഓറഞ്ച് അലർട്ട് കേന്ദ്ര ജല കമ്മീഷൻ (CWC) പ്രഖ്യാപിച്ചിരിയ്ക്കുന്നു. പത്തനംതിട്ട ജില്ലയിലെ തുമ്പമൺ സ്റ്റേഷൻ (അച്ചൻകോവിൽ നദി), കോട്ടയം ജില്ലയിലെ പുല്ലാക്കയർ സ്റ്റേഷൻ (മണിമല നദി), ഇടുക്കി ജില്ലയിലെ മണക്കാട് സ്റ്റേഷൻ (തൊടുപുഴ നദി) ഇന്ന് മഞ്ഞ അലർട്ട് കേന്ദ്ര ജല കമ്മീഷൻ (CWC) പ്രഖ്യാപിച്ചിരിയ്ക്കുന്നു. ആയതിനാൽ തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

അരുവിക്കര, കല്ലാർകുട്ടി, ലോവർ പെരിയാർ, പാംബ്ലാ, പെരിങ്ങൽകൂത്ത് എന്നി ഡാമുകളിൽ നിന്നും മുൻകരുതലിന്റെ ഭാഗമായി നിയന്ത്രിത അളവിൽ ജലം പുറത്തേക്കൊഴുക്കി വിടുന്നുണ്ട്. മറ്റു ഡാമുകളിലെ ജലനിരപ്പ് കൃത്യമായി നിരീക്ഷിച്ചു വരികയാണ്. സംസ്ഥാന ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററുകളും താലൂക്കുതല കണ്ട്രോൾ റൂമുകളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. കൂടാതെ ആരക്കോണം നാലാം ബറ്റാലിയന്റെ നേതൃത്വത്തിൽ ദേശിയ ദുരന്ത നിവാരണ സേനയുടെ (NDRF) 9 ടീം നെ കേരളത്തിന്റെ വിവിധ ഇടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, വയനാട് ജില്ലകളില്ലാണ് സേനയെ വിന്യസിച്ചത്.ശക്തമായ മഴയെ തുടർന്ന് നഗരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാൻ സാധ്യതയുണ്ട്. ഈ സാഹചര്യങ്ങളെ പ്രത്യേകം ശ്രദ്ധിക്കണം. മലയോരമേഖലകളിൽ ശക്തമായ മഴ ലഭിക്കുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിലിനു സാധ്യതയുണ്ട്.

## ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിൽ വീണ്ടും മാറ്റം; ഇളവ് അനുവദിച്ചു

തിരുവനന്തപുരം: ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിൽ പുതിയ ഉത്തരവ് പുറത്തിറക്കി ഗതാഗതവകുപ്പ്. സിഐടിയുവിൻറെ ആവശ്യം പരിഗണിച്ചാണ് നടപടി.

ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളുടെ കാലാവധി 22 വർഷമായി പുതുക്കി. നേരത്തെ കാലാവധി 18 വർഷം എന്നതായിരുന്നു തീരുമാനം. ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാർ ടെസ്റ്റ് ഗ്രൗണ്ടിൽ ഹാജരാകേണ്ടതില്ല എന്നും പുതിയ ഉത്തരവിൽ പറയുന്നു. 3000 അപേക്ഷകളിൽ കൂടുതൽ കെട്ടിക്കിടക്കുന്നിടത്ത് 40 ടെസ്റ്റുകൾ അധികമായി നടത്തും.

കഴിഞ്ഞ ദിവസം സിഐടിയു നേതാക്കൾ ഗതാഗത മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഈ ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങൾ കൂടി മുൻനിർത്തിയാണ് സർക്കാർ വീണ്ടും ഉത്തരവ് പുതുക്കിയിരിക്കുന്നത്. പുതിയ ഉത്തരവിറങ്ങിയതിൻറെ പശ്ചാത്തലത്തിൽ സമരം അവസാനിപ്പിക്കുന്നുവെന്ന് സിഐടിയു അറിയിച്ചിട്ടുണ്ട്.

## ട്രാക്കിൽ അറ്റകുറ്റപ്പണി; ട്രെയിൻ സർവീസുകൾ പുനഃക്രമീകരിച്ചു

തിരുവനന്തപുരം: ട്രാക്കിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ സംസ്ഥാനത്ത് നിന്ന് പുറപ്പെടുന്ന നാലു ട്രെയിൻ സർവീസുകൾ പുനഃക്രമീകരിച്ചു. വെള്ളിയാഴ്ച കൊച്ചുവേളിയിൽ നിന്ന് പുറപ്പെടുന്ന കൊച്ചുവേളി ഋഷികേശ് സൂപ്പർഫാസ്റ്റ് എക്സ്പ്രസ് റദ്ദാക്കി. ജൂലൈ ഒന്നിന് അവിടെ നിന്ന് തിരിച്ച് പുറപ്പെടുന്ന യാത്രയും റദ്ദാക്കിയതായി അറിയിച്ചു. വ്യാഴാഴ്ചയും ജൂലൈ ഒന്നിനും എറണാകുളത്ത് നിന്ന് രാത്രി 10.25ന് പുറപ്പെടുന്ന എറണാകുളം കാരൈക്കൽ എക്സ്പ്രസ് നാഗപട്ടണത്ത് സർവീസ് അവസാനിപ്പിക്കും.

# അന്താരാഷ്ട്ര ലഹരി വിരുദ്ധ ബോധവൽക്കരണ ദിനം ആചരിച്ചു

അദാനി ഫൗണ്ടേഷൻെറയും,അദാനി സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെയും,വിഴിഞ്ഞം ജനമൈത്രി പോലീസിന്റെയും, എച്ച്.എസ്.എസ്.ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ബോധവൽക്കരണ ദിനം ആചരിച്ചു.

മയക്കുമരുന്ന് ദുരുപയോഗം, അനധികൃത മരുന്ന് വ്യാപാരം എന്നിവയ്ക്കെതിരെ അവബോധമുണ്ടാക്കാനാണ് ഈ ദിനം ലക്ഷ്യമിടുന്നത്. മയക്കുമരുന്നപയോഗത്തിന്റെയും നിയമവിരുദ്ധ കടത്തലിന്റെയും അപകടങ്ങളെയും അനന്തരഫലങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. മയക്കുമരുന്ന് ഉപയോഗം മൂലം സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് അപബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യവുമായി വെങ്ങാനൂർ സ്കൂളിലെ എസ്. പി. സി. സ്റ്റുഡൻസ് കേഡറ്റ് മുക്കോല ജംഗ്ഷനിൽ ഒരു തെരുവ് നാടകം അവതരിപ്പിച്ചു.മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരായ ശക്തമായ സന്ദേശങ്ങൾ നൽകുന്ന സ്കിറ്റുകൾ, പ്രതിജ്ഞ, തെരുവ് നാടകങ്ങൾ എന്നിവയുൾപ്പെടെ വിവിധ പ്രകടനങ്ങൾ എച്ച്.എസ്.എസ് ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിലെ കുട്ടികളും അദാനി സ്കിൽ ഡെവലപ്മെൻറിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികളും അവതരിപ്പിച്ചു.

അസിസ്റ്റൻറ് എക്സൈസ് വകുപ്പ് അസിസ്റ്റൻറ് ഇൻസ്പെക്ടർ ശ്രീ. പത്മകുമാർ ,അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ ശ്രീ.മധു മുല്ലൂർ എന്നിവരുടെ വിജ്ഞാനപ്രദമായ പ്രസംഗം പരിപാടിക്ക് ആഴം കൂട്ടി.

ബോധവൽക്കരണം നടത്താനും ഈ ലക്ഷ്യത്തെ പിന്തുണയ്ക്കാനും എല്ലാ പങ്കാളികളും പ്രതിജ്ഞയെടുത്തു. ട്രെയിനികൾ വിജയകരമായി നടത്തിയ പരിപാടി, പങ്കെടുത്തവരുടെ ആവേശവും ഊർജവും അവിസ്മരണീയമായ സംഭവമാക്കി മാറ്റി.വിഴിഞ്ഞം പോലീസ് ഓഫീസർ ശ്രീമതി.പ്രീത ലക്ഷ്മി ,എച്ച്.എസ്.എസ്. ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിലെ അധ്യാപകരായ ശ്രീമതി. സിന്ധു, ശ്രീമതി. ആശ,സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ ,അദാനി ഫൗണ്ടേഷൻ പ്രോഗ്രാം മാനേജർ ശ്രീ. സെബാസ്റ്റ്യൻ ബ്രിട്ടോ,ലൈവിലിഹുഡ് കോർഡിനേറ്റർ ശ്രീ ജോർജ് സെൻ, അദാനി ഫൗണ്ടേഷൻ സീനിയർ പ്രോജക്ട് ഓഫീസർ ശ്രീ. രാകേഷ്,അദാനി സ്കിൽ ഡെവലപ്മെൻറ് സെന്ററിലെ അധ്യാപകർ, അദാനി ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥർ എന്നിവർ ഈ പരിപാടിയിൽ പങ്കെടുത്തു.






### വിലക്കയറ്റത്തിൽ പൊറുതിമുട്ടിയെന്ന് പ്രതിപക്ഷം,

# കേരളത്തിൽ വിലക്കുറവെന്ന് മന്ത്രി; അടിയന്തരപ്രമേയം, ഇറങ്ങിപ്പോക്ക്

തിരുവനന്തപുരം: അവശ്യസാധനങ്ങളുടെ വിലക്ക!യറ്റത്തിൽ നിയമസഭയിൽ അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കി പ്രതിപക്ഷം. വിലക്കയറ്റം രൂക്ഷമായിട്ടും വിപണി ഇടപെടലിന് സർക്കാർ തയാറാകുന്നില്ലെന്നും സപ്ലൈകോയുടെ അമ്പതാം വാർഷികത്തിൽ സർക്കാർ അതിൻറെ അന്തകരായി മാറിയെന്നും പ്രതിപക്ഷം കുറ്റപ്പെടുത്തി.

റോജി എം. ജോൺ എം എൽഎയാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. എന്നാൽ, പ്രമേയത്തിന് അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയി.

സംസ്ഥാന സർക്കാരിന് മാത്രം വിലക്കയറ്റം മനസിലാകുന്നില്ലെന്ന് വിഷയം ഉന്നയിച്ച റോജി എം. ജോൺ പറഞ്ഞു. കൃഷി മന്ത്രി സഭയിൽ നൽകിയ മറുപടി പോലും വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ്. പച്ചക്കറിയും മത്സ്യവിലയും ഇരട്ടിയായി. ഒരു മാസം മുമ്പ് 5060 രൂപയ്ക്ക് ലഭിച്ചിരുന്ന പച്ചക്കറി കിറ്റ് ഇപ്പോൾ കിട്ടണമെങ്കിൽ നൂറു രുപയിലേറെ കൊടുക്കണം.

വരുംദിവസങ്ങളിൽ വില ഇനിയും കൂടുമെന്നാണ് അറിയാൻ കഴിയുന്നത്. ഇതൊന്നും സർക്കാർ മാത്രം അറിഞ്ഞിട്ടില്ല എന്നതാണ് യാഥാർഥ്യം. 85 രൂപയ്ക്ക് കെ ചിക്കൻ ഒരു മന്ത്രി വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 85 രൂപയ്ക്ക് ചിക്കൻ കാൽ പോലും കിട്ടില്ല. സാധാരണക്കാർ ഉപയോഗിക്കുന്ന മത്തിയുടെ വില 300 രൂപയിലേറെയായെന്നും റോജി എം. ജോൺ പറഞ്ഞു.

വിപണി ഇടപെടലിന് സിവിൽ സപ്ലൈസിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ വകയിരുത്തിയ തുകയിൽ ഒരു രൂപ പോലും കിട്ടിയിട്ടില്ലെന്ന് പറഞ്ഞത് ഭക്ഷ്യമന്ത്രി തന്നെയാണ്. സപ്ലൈ ഇല്ലാത്ത സപ്ലൈകോയാണ്. ഒഴിഞ്ഞുകിടക്കുന്ന റാക്ക് എവിടെയും കാണാം. ടെൻഡറിൽ പങ്കെടുക്കാൻ പോലും കരാറുകാരെ കിട്ടാത്ത അവസ്ഥയാണ് ഇപ്പോൾ സപ്ലൈകോയ്ക്ക്. 3,500 കോടി സപ്ലൈകോയ്ക്ക് കിട്ടാനുണ്ടെന്നാണ് വാർത്ത. ഹെലികോപ്റ്ററിന് കൊടുക്കുന്ന വാടകക്കാശെടുത്തെങ്കിലും സപ്ലൈകോയ്ക്ക് കൊടുക്കണമെന്നും റോജി പരിഹസിച്ചു.

അതേസമയം, വിലക്കയറ്റം ദേശീയ വിഷയമാണെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ പറഞ്ഞു. വിലക്കയറ്റം ഏറെ ബാധിക്കുന്നത് കേരളത്തെയാണ്. സംസ്ഥാന സർക്കാരിൻറെ വിപണി ഇടപെടൽ വഴി വിലക്കയറ്റത്തിൻറെ തോത് ഇവിടെ കുറവാണ്. ശക്തമായ വിപണി ഇടപെടൽ നടത്തി.വിലക്കയറ്റം പിടിച്ച് നിർത്തിയെന്നും മന്ത്രി അവകാശപ്പെട്ടു.

കാലാവസ്ഥ വ്യതിയാനം പച്ചക്കറി ലഭ്യതയെ ബാധിച്ചു. ഇത് ചില ഇനങ്ങൾക്ക് വില കയറാൻ കാരണമായിട്ടുണ്ടെന്നും അടിയന്തരപ്രമേയ നോട്ടീസിന് മറുപടിയായി മന്ത്രി പറഞ്ഞു. അതേസമയം, സാമ്പത്തിക പ്രതിസന്ധി വിപണി ഇടപെടലിനെ സ്വാധീനിച്ചിട്ടുണ്ടെന്നും അദ്ദേഹം തുറന്നുസമ്മതിച്ചു.

കേന്ദ്രത്തിൻറെ കേരള വിരുദ്ധ സമീപനത്തിൽ പ്രതികരിക്കാൻ സർക്കാരിനൊപ്പം പ്രതിപക്ഷം തയാറാകുന്നില്ല. ഭക്ഷ്യധാന്യം പോലും വെട്ടിക്കുറയ്ക്കുകയാണ്. വിലക്കയറ്റത്തിന് കാരണവും വിപണി ഇടപെടലിന് തടസവും കേന്ദ്ര ഇടപെടലാണെന്നും മന്ത്രി പറഞ്ഞു.സംസ്ഥാനത്ത് 8283 ശതമാനം കുടുംബങ്ങൾ പൊതു വിതരണ കേന്ദ്രത്തെ ആശ്രയിച്ച് റേഷൻ വാങ്ങുന്നുണ്ട്. കേരളത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ നൽകാത്തപ്പോഴും സർക്കാർ സാധാരണക്കാരെ ചേർത്തു നിർത്തുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ ഫലപ്രദമായി ഇടപെടുന്നുണ്ട്. അതിനാൽ ഈ വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നും ഭക്ഷ്യമന്ത്രി പറഞ്ഞു.

അതേസമയം, സംസ്ഥാനത്ത് 50 മുതൽ 200 ശതമാനം ആണ് വിലക്കയറ്റമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. വിലക്കയറ്റത്തേയും വിപണി ഇടപെടലിനേയുംകുറിച്ച് ചോദിക്കുമ്പോൾ റേഷൻ കടവഴി അരി വിതരണം ചെയ്യുന്നതിനെ കുറിച്ചാണ് മന്ത്രിയുടെ മറുപടി. വിലക്കയറ്റത്തിന് എന്ത് നടപടി എടുത്തു എന്ന ചോദ്യത്തിനാണ് മറുപടി വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിലവർധനയുടെ കണക്ക് എടുത്തത് മാർക്കറ്റിൽ നിന്നാണ്. അത് സർക്കാർ അറിയില്ലേ ഹോർട്ടികോർപിൻറെ പല സാധനങ്ങൾക്കും പൊതുവിപണിയേക്കാൾ വില കൂടുതലാണെന്നും വി.ഡി. സതീശൻ പറഞ്ഞു.

## കോട്ടയത്തെ ആകാശപാത പൊളിച്ചു കളയേണ്ടി വരും: മന്ത്രി ഗണേഷ്

തിരുവനന്തപുരം: കോട്ടയം നഗരത്തിൽ വികസനത്തിനുവേണ്ടി വേണമെങ്കിൽ ആകാശപാത പൊളിച്ചു കളയേണ്ടി വരുമെന്ന് ഗതാഗത വകുപ്പ് മന്ത്രി ഗണേഷ് കുമാർ നിയമസഭയിൽ. ആകാശപാതയുടെ നിർമാണം പൂർത്തിയാക്കണമെന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻറെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു മന്ത്രി.

പദ്ധതി നടപ്പിലാക്കാൻ ഏൽപ്പിച്ചിരുന്നത് റോഡ് സുരക്ഷാ വകുപ്പിനെയാണ്. റോഡിലെ അപകടങ്ങൾ ഒഴിവാക്കാനുള്ള പദ്ധതിക്ക് വേണ്ടിയാണ് വകുപ്പ് പ്രവർത്തിക്കുന്നത്.

ആ മാനദണ്ഡത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് പദ്ധതി വന്നത്. വർക്ക് ചെയ്യാൻ പാടില്ലാത്ത വകുപ്പിനെ കൊണ്ട് ചെയ്യിച്ചിട്ട് പറഞ്ഞിട്ട് കാര്യമില്ലെന്നും മന്ത്രി പറഞ്ഞു.

ആകാശപാതയിൽ യുഡിഎഫ് സർക്കാർ പണം ദുർവ്യയം ചെയ്തു. മുഖ്യമന്ത്രി വേണമെങ്കിൽ പരിശോധിക്കട്ടെ. മുഖ്യമന്ത്രി പരിശോധിച്ചാൽ കൂടുതൽ കാര്യങ്ങൾ വ്യക്തമാകും എന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജനങ്ങളുടെ മുന്നിൽ നോക്കുകുത്തിയായി ആകാശപാത നിൽക്കുകയാണെന്നും ദയവായി മുഖ്യമന്ത്രി ഇടപെടണമെന്നുമാണ് തിരുവഞ്ചൂർ സഭയിൽ ആവശ്യപ്പെട്ടത്. പദ്ധതിക്കായി സർക്കാർ അനുവദിച്ച അഞ്ച് കോടി 18 ലക്ഷം രൂപയ്ക്ക് പുറമേ ഒരു കോടി 65 ലക്ഷം കൂടി വേണമെന്നും ഈ തുക എംഎൽഎ ഫണ്ടിൽനിന്ന് നൽകാമോ എന്നും ജില്ലാ കളക്ടർ തന്നോട് ചോദിച്ചു.

ഏതുവിധേനയും പണി പൂർത്തിയാക്കണമെന്ന ഉദ്ദേശ്യത്തിലാണ് ആ തുക നൽകാമെന്ന് താൻ അറിയിച്ചത്. ഇതേ കാലഘട്ടത്തിൽ തുടങ്ങിയ മറ്റ് ആകാശപ്പാതകളുടെ നിർമാണം പൂർത്തിയായെന്നും തിരുവഞ്ചൂർ ചൂണ്ടിക്കാട്ടി. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരിക്കെ കോട്ടയത്ത് പണിയാരംഭിച്ച ആകാശപാത പൂർത്തിയാകാത്തത് വലിയ ചർച്ചയായിരുന്നു. സാമൂഹിക മാധ്യങ്ങളിലും ഇതിനെതിരേ വ്യാപക വിമർശനം ഉയർന്നിരുന്നു.

## വ്യാപാരി വ്യവസായികൾ സെക്രട്ടേറിയറ്റ് ധർണ നടത്തി

തിരുവനന്തപുരം: വ്യാപാരിവ വ്യവസായികൾ സെക്രട്ടേറിയറ്റ് ധർണ നടത്തി. കെ. സ്മാർട്ട് വെബ്സൈറ്റിലൂടെയുള്ള വ്യാപാര ലൈസൻസ് പുതുക്കൽ വ്യാപാരികൾക്ക് വലിയ പ്രതിസന്ധി സമ്മാനിക്കുന്നുവെന്നും കെ. സ്മാർട്ട് വ്യാപാരികളെ വെട്ടിലാക്കി പൂട്ടിക്കാനുള്ള 'സ്മാർട്ട്' കെണിയാണെന്നുംധർണ ഉദ്ഘാടനം ചെയ്ത വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡൻറും കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് ദേശീയ സെക്രട്ടറിയുമായ. എസ്. എസ്. മനോജ് പറഞ്ഞു.കെ.സ്മാർട്ട് വെബ്സൈറ്റ് പുന:പരിഷ്കരിക്കണം. 99 ശതമാനം വ്യപാരികളും ലൈസൻസ് എടുക്കുവാൻ കഴിയാതെ വലയുകയാണ്. കെ. സ്മാർട്ടിലെ നിബന്ധനകൾ പുനപരിഷ്കരിച്ച് വ്യാപാര സൗഹൃദ പോർട്ടൽ ആക്കി മാറ്റിക്കൊണ്ട് വ്യാപാരികൾക്ക് ലൈസൻസ് പുതുക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് ആര്യശാല സുരേഷ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എം നസീർ, സംസ്ഥാന വൈസ് പ്രസിഡണ്ട്. കരമന മാധവൻകുട്ടി, നേതാക്കളായ വെഞ്ഞാറമൂട് ശശി, അസീം മീഡിയ, നെട്ടയം മധു, പോത്തൻകോട് അനിൽകുമാർ, എസ്. മോഹൻകുമാർ, എ. മാടസ്വാമി പിള്ള, ബാലരാമപുരം നൗഷാദ്, തുടങ്ങിയവർ പ്രസംഗിച്ചു.

## യുവാക്കളെ കംബോഡിയയിലേക്ക് മനുഷ്യക്കടത്ത് നടത്തുന്ന സംഘത്തിലെ മുഖ്യപ്രതി പിടിയിൽ

കൊല്ലം :ഓൺലൈൻ തട്ടിപ്പിന് വേണ്ടി അനധികൃതമായി യുവാക്കളെ വിദേശത്തേക്ക് മനുഷ്യക്കടത്ത് നടത്തുന്ന സംഘത്തിലെ മുഖ്യ പ്രതി പോലീസ് പിടിയിൽ.

വെള്ളിമൺ ഇടവട്ടം രഞ്ജിനി ഭവത്തിൽ പ്രവീൺ(26) ആണ് കൊല്ലം ഈസ്റ്റ് പോലീസിൻറെ പിടിയിലായത്. വിയറ്റ്നാമിൽ അഡ്വർടൈസിങ് കമ്പനിയിൽ ജോലി വാഗ്ദാനം നൽകിയാണ് പ്രതികൾ യുവാക്കളെ കംബോഡിയയിലേക്ക് അനധികൃതമായി കടത്തിയിരുന്നത്. ഇതിനായി പ്രതികൾ യുവാക്കളിൽ നിന്ന് വിസ ആവശ്യങ്ങൾക്കെന്ന് പറഞ്ഞ് രണ്ട് മുതൽ മൂന്ന് ലക്ഷം രൂപ വരെ കൈപ്പറ്റുകയും ചെയ്തിരുന്നു.

തുടർന്ന് ടൂർ വിസയിൽ വിയറ്റനാമിലെത്തിക്കുന്ന യുവാക്കളെ കംബോഡിയ അതിർത്തിയോട് ചേർന്നുള്ള ഹോട്ടലുകളിൽ താമസിപ്പിക്കുകയും, കംബോഡിയൻ എജൻറുമാർ യുവാക്കളുടെ പാസ്പോർട്ടും മൊബൈൽ ഫോണുകളും വാങ്ങി വെച്ചതിന് ശേഷം അനധികൃതമായി അതിർത്തി കടത്തി കംബോഡിയായിൽ എത്തിക്കുകയായിരുന്നു. ഇവിടെ ഇവർക്ക് ഓൺലൈൻ തട്ടിപ്പ് നടത്തുക എന്ന ജോലിയായിരുന്നു നൽകിയിരുന്നത്.

സമൂഹമാധ്യമങ്ങളിലൂടെ വിവിധ രാജ്യങ്ങളിലുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുകയും തട്ടിപ്പ് നടത്തി പണം കണ്ടെത്താനും ഇവർക്ക് ടാർജറ്റ് നൽകിയിരുന്നു.

കൊല്ലം ഈസ്റ്റ് പോലീസിൻറെ പിടിയിലായ പ്രവീൺ മുന്പ് കംബോഡിയയിൽ ജോലിക്കായി പോയി തട്ടിപ്പ്കാരുമായി ബന്ധം സ്ഥാപിച്ച വ്യക്തിയാണ്. തുടർന്ന് നാട്ടിൽ തിരിച്ചത്തിയ പ്രതി യുവാക്കളെ ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്ത് കംബോഡിയായിലേക്ക് കടത്തുകയായിരുന്നു.

പോലീസ് അന്വേഷണത്തിൽ പ്രതി ആറു മാസത്തിനുള്ളിൽ 18 ഓളം പേരെ ഇത്തരത്തിൽ മനുഷ്യക്കടത്ത് നടത്തിയതായി കണ്ടെത്തി. കേരള പോലീസിൻറെ സൈബർ വിങ്ങിന് ലഭിച്ച വിവരത്തിൻറെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്. മനുഷ്യക്കടത്ത് സംഘത്തിലെ മറ്റ് പ്രതികളെ കുറിച്ച് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്.

## സ്കോൾ കേരള പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

സ്കോൾ കേരള മുഖേനയുള്ള ഹയർ സെക്കൻഡറി കോഴ്സുകളിൽ 2024 26 ബാച്ചിലേക്ക് ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്പെഷ്യൽ കാറ്റഗറി (പാർട്ട് III) വിഭാഗങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയിൽ ഉപരിപഠന യോഗ്യതയോ അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ കോഴ്സിൽ ഉപരിപഠന യോഗ്യതയോ നേടിയവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല.

പിഴ കൂടാതെ ജൂലൈ 24 വരെയും 60 രൂപ പിഴയോടെ ജൂലൈ 31 വരെയും ഫീസടച്ച് www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഫീസ് വിവരങ്ങളും രജിസ്ട്രേഷൻ മാർഗ നിർദ്ദേശങ്ങളും പ്രോസ്പെക്ടസും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ ലഭിക്കും. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ അതത് ജില്ലാ കേന്ദ്രങ്ങളിലേക്ക് നേരിട്ടോ, സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗമോ അയയ്ക്കണം. ജില്ലാ കേന്ദ്രങ്ങളുടെ മേൽവിലാസം സ്കോൾ കേരള വെബ്സൈറ്റിൽ ലഭ്യമാണ്. സംസ്ഥാന ഓഫീസിൽ അപേക്ഷകൾ സ്വീകരിക്കില്ല. അന്വേഷണങ്ങൾക്ക്: 0471 2342950, 2342271, 2342369.

## സിസോദിയായ്ക്കെതിരെ കേജരിവാൾ മൊഴി നൽകിയെന്ന് സിബിഐ

ന്യൂഡൽഹി : മദ്യനയ ക്കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ മനീഷ് സിസോദിയായ്ക്കെതിരെ മൊഴി നൽകിയെന്ന് സിബിഐ കോടതിയിൽ.

പുതിയ മദ്യനയം ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ആശയമായിരുന്നുവെന്ന് കേജരിവാൾ പറഞ്ഞുവെന്ന് സിബിഐ ഡൽഹി റൗസ് അവന്യൂ കോടതിയിൽ പറഞ്ഞു. അതേസമയം കേജരിവാൾ സിബിഐയുടെ വാദങ്ങൾ തള്ളി.

മനീഷ് സിസോദിയയെ കുറ്റപ്പെടുത്തുന്ന തരത്തിൽ താൻ മൊഴി നൽകിയിട്ടില്ലെന്ന് കേജരിവാൾ കോടതിയിൽ പറഞ്ഞു. സിബിഐ വൃത്തങ്ങൾ വ്യാജ വാർത്ത പ്രചരിപ്പിക്കുകയാണെന്നും കേജരിവാൾ കൂട്ടിച്ചേർത്തു.

മദ്യനയക്കേസിൽ ഇഡി അറസ്റ്റ് ചെയ്ത് തിഹാർ ജയിലിൽ കഴിയുന്ന കേജരിവാളിനെ ചൊവ്വാഴ്ച സിബിഐ അറസ്റ്റ് ചെയ്തിരുന്നു. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ ഇഡി അറസ്റ്റ് ചെയ്ത സിസോദിയ ഇപ്പോഴും ജയിലിൽ തുടരുകയാണ്.

## ബൈജു രവീന്ദ്രന് ആശ്വാസം; സാമ്പത്തിക തട്ടിപ്പ് നടത്തിയിട്ടില്ലെന്ന് അന്വേഷണ റിപ്പോർട്ട്

ബംഗളൂരു : ബൈജൂസ് ആപ്പ് സ്ഥാപകനും സിഇഒയുമായ ബൈജു രവീന്ദ്രൻ സാമ്പത്തിക തട്ടിപ്പ് നടത്തിയിട്ടില്ലെന്ന് കേന്ദ്ര കോർപ്പറേറ്റ് കാര്യമന്ത്രാലയം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. കമ്പനിയിലെ പ്രതിസന്ധിക്ക് കാരണം മാനേജ്മെൻറിൻറെ പിടിപ്പ് കേടാണെന്നും കണ്ടെത്തി. ഫണ്ട് കടത്തലോ പണം പെരുപ്പിച്ച് കാട്ടലോ ബൈജൂസ് നടത്തിയിട്ടില്ലെന്നും വഴി വിട്ടതോ നിയമവിരുദ്ധമോ ആയ സാമ്പത്തിക ഇടപാടുകളുമില്ലെന്നുമാണ് അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. കോർപ്പറേറ്റ് മാനേജ്മെൻറ് കമ്പനിയുടെ ഫണ്ട് കൃത്യമായി കൈകാര്യം ചെയ്യാതിരുന്നതാണ് തകർച്ചയ്ക്ക് കാരണമായതെന്നും റിപ്പോർട്ടിലുണ്ട്. സാമ്പത്തിക വാർത്താ ഏജൻസിയായ ബ്ലൂംബർഗാണ് അന്വേഷണ റിപ്പോർട്ട് പുറത്ത് വിട്ടത്.

## വിദ്യാർഥിനിയുടെ ആത്മഹത്യ: പ്രതിയെ വീണ്ടും കസ്റ്റഡിയിൽ ആവശ്യപ്പെട്ട് പോലീസ്

തിരുവനന്തപുരം: ഇൻസ്റ്റഗ്രാം ഇൻഫ്ളുവൻസറായ പ്ലസ്ടു വിദ്യാർഥിനി ആത്മഹത്യ ചെയ്ത കേസിലെ പ്രതിയെ വീണ്ടും കസ്റ്റഡിയിൽ വേണമെന്ന് ആവശ്യപ്പെട്ട് അന്വേഷണം സംഘം.

പ്രതിയുടെ ജാമ്യാപേക്ഷ സമർപ്പിച്ച സമയത്താണ് സർക്കാർ അഭിഭാഷകൻ പ്രതിയെ വീണ്ടും കസ്റ്റഡിയിൽ വേണമെന്ന ആവശ്യം അറിയിച്ചത്. തുടർന്ന്, പ്രതിയെ ഇന്നു കോടതിയിൽ ഹാജരാക്കാൻ ജയിൽ മേധാവിക്ക് നിർദേശം നൽകി.

തിരുവനന്തപുരം പോക്സോ കോടതിയുടേതാണ് ഉത്തരവ്. നേരത്തേ അന്വേഷണ സംഘം പ്രതിയെ മുന്നുദിവസത്തെ കസ്റ്റഡിയിൽ വിട്ടിരുന്നു.( പ്രതി പെൺകുട്ടിയെ കൊണ്ടു പോയ റിസോർട്ട്, വാഹനം എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തണം.

ഇതിനായി പ്രതിയെ മൂന്നു ദിവസം കസ്റ്റഡിയിൽ വേണമെന്നാണ് ആവശ്യം. പ്രതിയുടെ പ്രവൃത്തികളാണു പെൺകുട്ടിയുടെ ആത്മഹത്യയിലേക്ക് എത്തിച്ചതെന്നാണു പോലീസ് കണ്ടെത്തൽ.

## ക്ഷേത്രം കുത്തിത്തുറന്ന് മോഷണം: ഒന്നരക്കോടി വിലവരുന്ന വിഗ്രഹം കവർന്നു

പൂന്തുറ: തലസ്ഥനത്ത് ക്ഷേത്രം കുത്തിത്തുറന്ന് 1.5 കോടിയോളം രൂപ വിലവരുന്ന പഞ്ചലോഹ വിഗ്രഹം കവർന്നതായി പരാതി. തീരദേശ മേഖലയിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രം കുത്തിത്തുറന്നാണ് വൻ കവർച്ച നടത്തിയത്.

അമ്പത്തറ പൂന്തുറ ഉച്ചമാടൻ ദേവി ക്ഷേത്രത്തിലെ വിഗ്രഹമാണ് കവർച്ച ചെയ്യപ്പെട്ടത്. 40 കൊല്ലത്തോളം പഴക്കമുള്ള പഞ്ചലോഹത്താൽ നിർമിക്കപ്പെട്ട ശീവേലി വിഗ്രഹമാണ് മോഷ്ടാക്കൾ കവർന്നത്. ചൊവ്വാഴ്ച പുലർച്ചെ ക്ഷേത്രത്തിലെത്തിയ പൂജാരിയാണ് വിഗ്രഹം മോഷണം പോയ വിവരം ആദ്യം അറിഞ്ഞത്.

അമ്പലത്തിൻറെ ശ്രീകോവിൽ തകർത്ത നിലയിലായിരുന്നു. സംഭവം അറിഞ്ഞയുടൻ തന്നെ ക്ഷേത്ര ഭാരവാഹികൾ എത്തി പൂന്തുറ പോലീസിൽ പരാതി നൽകുകയായിരുന്നു. പോലീസ് എത്തി വിശദമായി പരിശോധനകൾ നടത്തുകയായിരുന്നു.

പോലീസിനെ കൂടാതെ ഫിങ്കർപ്രിൻറ് വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി വിശദമായ പരിശോധനകൾ നടത്തുകയുണ്ടായി. മോഷ്ടാക്കൾ ഉടൻ പിടിയിലാകുമെന്നാണ് പോലീസ് നൽകുന്ന സൂചന.

## കാർ ബൈക്കിൽ ഇടിച്ച് അപകടം

വെഞ്ഞാറമൂട്: നിയന്ത്രണം വിട്ട കാർ ബൈക്കിൽ ഇടിച്ച് അപകടം. അപകടത്തിൽ ആളപായമില്ല. സംസ്ഥാന പാതയിൽ വെഞ്ഞാറമൂട് തണ്ട്രാംപൊയ്കയിൽ കഴിഞ്ഞ ദിവസം പുലർച്ചെ ആറിനായിരുന്നു അപകടം.

കാരേറ്റ് ഭാഗത്ത് നിന്നും വെഞ്ഞാറമൂട് ഭാഗത്തേയ്ക്ക് വരികയായിരുന്ന കാർ മറ്റൊരു വാഹനത്തെ ഓവർടേക്ക് ചെയ്യുന്നതിനിടെ എതിർ ദിശയിൽ വരികയായിരുന്ന ബൈക്കിൽ ഇടിയ്ക്കുകയായിരുന്നു.

ഇടിയുടെ ആഘാതത്തിൽ ബൈക്ക് യാത്രികർ റോഡിൽ തെറിച്ച് വീഴുകയായിരുന്നു. എങ്കിലും പരിക്കുകൾ ഇല്ലാതെ രക്ഷപ്പെട്ടു. വെഞ്ഞാറമൂട് പോലീസ് സ്ഥലത്ത് എത്തി മേൽ നടപടി സ്വീകരിച്ചു.

## പ്ലസ്വൺ സീറ്റ് പ്രതിസന്ധി: യൂത്ത് ലീഗ് നിയമസഭാ മാർച്ചിൽ സംഘർഷം

തിരുവനന്തപുരം: മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുസ്ലിം യൂത്ത് ലീഗ് നിയമസഭയിലേക്കു നടത്തിയ മാർച്ചിൽ സംഘർഷം. പ്രകടനമായെത്തിയ പ്രവർത്തകർ പോലീസ് ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ചതോടെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു.

ബാരിക്കേഡിനു മുകളിൽ കയറിയ പ്രവർത്തകർ മുദ്രാവാക്യം വിളികളുമായി അവിടെ തന്നെ തുടർന്നതോടെ പോലീസ് വീണ്ടും ജലപീരങ്കി പ്രയോഗിച്ചു. ഇതിൽ രണ്ടു പ്രവർത്തകർക്ക് പരിക്കേറ്റതായി നേതാക്കൾ അറിയിച്ചു. നിയസമാ സമ്മേളനം നടക്കുന്ന പശ്ചാത്തലത്തിൽ മാർച്ചിനെ നേരിടാൻ പോലീസ് പഴുതടച്ച സുരക്ഷയാണ് ഒരുക്കിയത്.

മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി മാർച്ച് ഉദ്ഘാടനം ചെയ്തു. സീറ്റ് ക്ഷാമം പരിഹരിച്ചേ മതിയാകുവെന്ന് കുഞ്ഞാലിക്കുട്ടി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പ്രശ്ന പരിഹാരം ഉണ്ടായില്ലെങ്കിൽ പ്രക്ഷോഭം ശക്തമാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

സീറ്റ് പ്രതിസന്ധിക്ക് സർക്കാർ പരിഹാരമുണ്ടായില്ലെങ്കിൽ അനിശ്ചിത കാല സമരം പ്രഖ്യാപിക്കുമെന്ന് യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് പറഞ്ഞു. താൽകാലിക ബാച്ച് അനുവദിച്ചാൽ സമരം തീരില്ല. ബാർ അനുവദിക്കാൻ കാണിക്കുന്ന താൽപര്യം പുതിയ ബാച്ചുകൾ അനുവദിക്കുന്നതിൽ ഉണ്ടാകണമെന്നും ഫിറോസ് പറഞ്ഞു.

എം എൽ എ മാരായ എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, യു.എ ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ.കെ.എം അഷ്റഫ് തുടങ്ങിയവരും നേതാക്കളായ ബീമാപള്ളി റഷീദ്, നിസാർ മുഹമ്മദ്, പി. ഇസ്മായിൽ തുടങ്ങിയവരും പ്രസംഗിച്ചു.

## റവന്യു ഉദ്യോഗസ്ഥർ അധികാരപരിധിയിൽ തുടരണം: റവന്യു മന്ത്രി

### ദുരന്തനിവാരണത്തിന് ജില്ലകൾക്ക് ഒരു കോടി വീതം അനുവദിച്ചു

മഴ ശക്തമാകുമെന്നതിനാൽ അടുത്ത മൂന്ന് ദിവസം റവന്യു വകുപ്പ് ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിവിട്ട് പോകരുതെന്ന് റവന്യു മന്ത്രി കെ രാജൻ ജില്ലാ കളക്ടർമാരുടെ യോഗത്തിൽ നിർദ്ദേശിച്ചു. അവധി എടുത്തിട്ടുള്ളവർ ഈ ദിവസങ്ങളിൽ തിരികെ ജോലിയിൽ പ്രവേശിക്കണമെന്നും മന്ത്രി പറഞ്ഞു.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വീതം ജില്ലകൾക്ക് കൈമാറിയിട്ടുണ്ട്. ആവശ്യം വരുന്ന മുറയ്ക്ക് വില്ലേജുകൾക്ക് നടപടിക്രമം പാലിച്ച് ഫണ്ട് കൈമാറാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി. പഞ്ചായത്ത്തല ദുരന്ത നിവാരണ സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളും വേഗത്തിലാക്കണം.

അപടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ കളക്ടർമാർ മുൻകൈ എടുക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ ടെണ്ടർ നടപടി കാത്തുനിൽക്കേണ്ടതില്ല. നിർമ്മാണങ്ങൾ നടക്കുന്ന സ്ഥലങ്ങളിലും പരിശോധന നടത്തി സുരക്ഷാ സംവിധാനങ്ങളൊരുക്കണമെന്ന് മന്ത്രി പറഞ്ഞു.

മഴയെ തുടർന്ന് പല ജില്ലകളിലും വീടുകളുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് കളക്ടർമാർ വിവരിച്ചു. കണ്ണൂരിൽ 11, കൊല്ലം 53, വയനാട് ഒന്ന്, പാലക്കാട് രണ്ട്, ആലപ്പുഴ 41, ഇടുക്കി 12, തിരുവനന്തപുരം ആറ് വീടുകൾ ഭാഗികമായി തകർന്നു. ജലാശയങ്ങളിലെ വിനോദങ്ങളും വനമേഖലകളിലെ ട്രക്കിങ്ങും രാത്രിയാത്രകളും ഒഴിവാക്കണം. അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിലുള്ളവരും ദുരന്ത സാധ്യത പ്രദേശങ്ങളിൽ താമസിക്കുന്നവരും മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ സുരക്ഷയെ മുൻകരുതി മാറി താമസിക്കാൻ തയ്യാറാവണം. സംസ്ഥാന ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെൻ്ററുകളും താലൂക്കുതല കണ്ട്രോൾ റൂമുകളും 24 മണിക്കൂറും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ദേശിയ ദുരന്ത നിവാരണ സേനയുടെ ഒമ്പത് സംഘങ്ങളെ ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം, കോഴിക്കോട്, തൃശൂർ, വയനാട് ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്.

# ബ്രെയിൽ സാക്ഷരതാ പദ്ധതി അവലോകനയോഗം ചേർന്നു

കോട്ടയം : ജില്ലയിൽ കാഴ്ചാപരിമിതി നേരിടുന്നവർക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിന് ബ്രെയിൽ സാക്ഷരതാ പദ്ധതി നടപ്പാക്കുന്നു. 15 വയസ്സിനു മുകളിൽ പ്രായമുള്ള അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കാത്ത കാഴ്ചാപരിമിതി നേരിടുന്നവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഉയർന്ന പ്രായപരിധിയില്ല. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അധ്യാപക ഫോറവുമായി സഹകരിച്ച് സംസ്ഥാന സാക്ഷരത മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.

ബ്രെയിൽ ലിപിയിൽ പരിശീലനം നേടിയ അധ്യാപകർ ക്ലാസുകൾ നല്കും. പഠനോപകരണങ്ങൾ സാക്ഷരതാ മിഷൻ നൽകും. പഠിതാക്കൾക്ക് നാലുമാസം (160 മണിക്കൂർ) പരിശീലനം നൽകും. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലാണ് പഠന സൗകര്യം ഒരുക്കുന്നത്. 15 മുതൽ 20 വരെ പേർക്ക് ഒരു ക്ലാസ് എന്ന നിലയിലാണ് പഠന കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നത്. ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ സഹായം തേടും.അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കാതെ പോയതിന്റെ പേരിൽ കാഴ്ചപരിമിതർ നേരിടുന്ന സാമൂഹ്യ പിന്നാക്കവസ്ഥ പരിഹരിക്കുക, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ജില്ലയിൽ 192 പേർ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർ ജൂൺ 30നകം കോട്ടയം വയസ്കരകുന്നിലെ ജില്ലാ സാക്ഷരതാമിഷൻ ഓഫീസിലോ തദ്ദേശസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാർ മുഖേനയോ രജിസ്റ്റർ ചെയ്യണം. പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് ചേർന്ന

അവലോകന യോഗത്തിൽ സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ പി എം അബ്ദുൾകരീം, മോണിറ്ററിംഗ് ചുമതലയുള്ള ജില്ലാ കോർഡിനേറ്റർ ദീപാ ജയിംസ്, അസിസ്റ്റൻഡ് കോർഡിനേറ്റർ ആർ. സിംല, താരതോമസ്, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജില്ലാ സെക്രട്ടറി ഇ.എ യൂസഫ്, പരിശീലകൻ കെ.കെ. സോമസുന്ദരൻ എന്നിവർ പങ്കെടുത്തു.

# കളിയിക്കാവിളയിലെ കൊലപാതകം; കുപ്രസിദ്ധ ഗുണ്ട ചൂഴാറ്റുകോട്ട അമ്പിളി പൊലീസ് പിടിയിൽ

തിരുവനന്തപുരം: കളിയിക്കാവിളയിലെ ക്വാറി ഉടമയുടെ കൊലപാതകത്തിൽ ഒരാൾ പൊലീസ് പിടിയിൽ. മലയം സ്വദേശി അമ്പിളിയാണ് (ചൂഴാറ്റുകോട്ട അമ്പിളി) പിടിയിലായത്. തിരുവനന്തപുരത്തെ ഗുണ്ട മൊട്ട അനിയെ കൊലപ്പെടുത്തിയ കേസിലും അമ്പിളി പ്രതിയാണ്. മാർത്താണ്ഡം പൊലീസ് സ്റ്റേഷനിലാണ് അമ്പിളി ഇപ്പോഴുള്ളത്. തമിഴ്നാട് പൊലീസ് ഇയാളെ ചോദ്യം ചെയ്യുകയാണ്.

മണ്ണുമാന്തി യന്ത്രം വാങ്ങാൻ 10 ലക്ഷം രൂപയുമായി തമിഴ്നാട്ടിലെ പൊള്ളാച്ചിയിലേക്കു സ്വന്തം കാറിൽ പോയ ക്വാറി, ക്രഷർ ഉടമയായ മലയിൻകീഴ് സ്വദേശി ദീപു(46)വിനെ കളിയിക്കാവിളയിൽ കാറിനുള്ളിൽ കഴുത്തറുത്ത നിലയിലാണ് കണ്ടെത്തിയത്. സംഭവത്തിൽ നിർണായക സിസിടിവി ദൃശ്യങ്ങൾ പൊലീസിനു ലഭിച്ചിരുന്നു. വഴിയരികിൽ പാർക്ക് ചെയ്തിരുന്ന കാറിൽനിന്ന് ഒരാൾ ഇറങ്ങിപ്പോകുന്ന ദൃശ്യമാണ് പരിശോധനയിൽ കണ്ടെത്തിയത്. കാറിലുണ്ടായിരുന്ന പത്തു ലക്ഷം രൂപ നഷ്ടപ്പെട്ടിരുന്നു. ദീപുവുമായി അടുപ്പമുള്ളയാളാണ് കാറിൽ സഞ്ചരിച്ചതെന്ന് പൊലീസിനു തെളിവു ലഭിച്ചിരുന്നു. അടുപ്പക്കാരെ കേന്ദ്രീകരിച്ചുള്ള അന്വേഷണമാണ് അമ്പിളിയിലേക്കെത്തിയത്.

തിങ്കൾ രാത്രി ഏഴരയോടെ വീട്ടിൽനിന്നു പോയ ദീപുവിനെ കളിയിക്കാവിള പൊലീസ് സ്റ്റേഷനിൽനിന്ന് 200 മീറ്റർ മാറി കാർ പാർക്ക് ചെയ്ത നിലയിലാണ് കണ്ടെത്തിയത്. സീറ്റ് ബെൽറ്റ് ധരിച്ച് ഡ്രൈവിങ് സീറ്റിൽ ഇരിക്കുന്ന നിലയിലായിരുന്നു ദീപു. വാഹനം ഓഫ് ചെയ്തിരുന്നില്ല. ബോണറ്റ് പൊക്കിവച്ച്, ലൈറ്റ് ഓൺ ചെയ്ത നിലയിലുള്ള വാഹനം കണ്ടാണ് പൊലീസിന്റെ പട്രോളിങ് സംഘം പരിശോധന നടത്തിയത്. അപ്പോഴാണ് കഴുത്തറുത്ത നിലയിൽ ദീപുവിന്റെ മൃതദേഹം കണ്ടെത്തിയത്. തുടർന്ന് നെയ്യാറ്റിൻകര മുതൽ കളിയിക്കാവിള വരെയുള്ള സിസിടിവി ദൃശ്യങ്ങൾ പൊലീസ് പരിശോധിച്ചു.

പൊള്ളാച്ചിയിലും കോയമ്പത്തൂരിലും പോയി മണ്ണുമാന്തിയന്ത്രം വാങ്ങി വീടിനു സമീപത്തുള്ള ലെയ്ത്തിൽ അറ്റകുറ്റപ്പണി നടത്തി മറിച്ചുവിൽക്കുന്ന ജോലിയും ദീപു ചെയ്തിരുന്നു. നെയ്യാറ്റിൻകരയിൽനിന്നും തക്കലയിൽനിന്നും ഓരോ ആളുകൾ യാത്രയിൽ ഒപ്പമുണ്ടാകുമെന്നാണ് ദീപു വീട്ടിൽ പറഞ്ഞിരുന്നത്. നെടുമങ്ങാട് സ്വദേശിയായ ആക്രി കച്ചവടക്കാരനുമായി സാമ്പത്തിക തർക്കമുള്ളതായും പറയപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് കേസും നിലവിലുണ്ടായിരുന്നു. പണത്തിനായി ചിലർ ഭീഷണിപ്പെടുത്തിയിരുന്നുവെന്ന് മരിച്ച ദീപുവിന്റെ ഭാര്യ വിധുമോൾ പൊലീസിനു മൊഴി നൽകിയിരുന്നു.

# ട്രെയിൻ യാത്രയ്ക്കിടെ ബെർത്ത് പൊട്ടി ദേഹത്തേക്ക് വീണു; പൊന്നാനി സ്വദേശിക്ക് ദാരുണാന്ത്യം

മലപ്പുറം: ട്രെയിൻ യാത്രയ്ക്കിടയിൽ സെൻട്രൽ ബെർത്ത് പൊട്ടി വീണു പരുക്കേറ്റു ചികിത്സയിലായിരുന്ന മാറഞ്ചേരി സ്വദേശി മരിച്ചു.

മാറഞ്ചേരി വടമുക്കിലെ പരേതനായ എളയിടത്ത് മാറാടിക്ക അലിഖാനാണ് (62) മരിച്ചത്. ഡൽഹിയിലേക്കുള്ള യാത്രയ്ക്കിടയിൽ തെലങ്കാനയ്ക്കടുത്തുള്ള വാറങ്കലിൽ കഴിഞ്ഞ ചൊവ്വാഴ്ച രാത്രിയാണ് അപകടം നടന്നത്. ഇദ്ദേഹത്തിന്റെ മൃതദേഹം നാട്ടിലെത്തിച്ചു.

അപകടം നടക്കുമ്പോൾ അലിഖാൻ താഴത്തെ ബെർത്തിൽ കിടക്കുകയായിരുരുന്നു. സെൻട്രൽ ബെർത്ത് പൊട്ടി കഴുത്തിൽ വന്നിടിച്ച് മൂന്ന് എല്ലുകൾ പൊട്ടുകയും ഞരമ്പിനു ക്ഷതം വരികയുമായിരുന്നു. അതിനെത്തുടർന്നു കൈകളും കാലുകളും തളർന്നു പോയി.

റെയിൽവേ അധികൃതർ ഉടൻ തന്നെ വാറങ്കലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെനിന്ന് വിദഗ്ദ ചികിത്സയ്ക്കായി ഹൈദരാബാദിലെ കിങ്സ് മൾട്ടി സ്പെഷാലിറ്റി ആശുപത്രിയിലേക്കു മാറ്റി. വെള്ളിയാഴ്ച ശസ്ത്രിക്രിയ കഴിഞ്ഞെങ്കിലും തിങ്കളാഴ്ച മരിച്ചു.

# മധുരബെംഗളുരു റൂട്ടിൽ വന്ദേഭാരത് സ്പെഷൽ ട്രെയിനുകൾ ഇന്നുമുതൽ

കൊല്ലം: മധുര ബംഗളുരു റൂട്ടിൽ സ്പെഷൽ വന്ദേഭാരത് ട്രെയിനുകൾ ഓടിക്കാൻ റെയിൽവേ ബോർഡ് തീരുമാനം. ഇരു ദിശകളിലുമായി 30 വീതം സർവീസുകൾ ഉണ്ടാകും.

ഇന്നു മുതൽ ജൂലൈ 29 വരെ ഈ സ്പെഷൽ ട്രെയിനുകൾ ഉണ്ടാകും. ചൊവ്വാഴ്ചകളിൽ സർവീസ് നടത്തില്ല. എട്ട് കോച്ചുകളുള്ള ട്രെയിനാണ് സ്പെഷലായി ഓടുന്നത്.

# ഏലപ്പാറയിൽ മരം കടപുഴകി വീണ് വീട് തകർന്നു

ഇടുക്കി: ഏലപ്പാറ ബോണാമിയിൽ വീടിന് മുകളിലേക്ക് മരം കടപുഴകി വീണു. വീടിൻറെ മേൽക്കൂര തകർന്ന് വീണിട്ടുണ്ട്. ഇന്ന് രാവിലെ ഏഴോടെയാണ് അപകടം.

ബോണാമി സ്വദേശി സുബ്ബയ്യയുടെ വീടാണ് തകർന്നത്. ഇയാൾക്ക് പരിക്കേറ്റിട്ടുണ്ട്. കഴിഞ്ഞ രണ്ട് ദിവസമായി മേഖലയിൽ ശക്തമായ മഴ തുടരുകയാണ്.

# മഴ തുടരുന്നു; കല്ലാർക്കുട്ടി, മലങ്കര ഡാമുകൾ തുറന്നു

ഇടുക്കി: കനത്ത മഴ തുടരുന്ന ഇടുക്കിയിൽ കല്ലാർക്കുട്ടി, മലങ്കര ഡാമുകൾ തുറന്നു. രണ്ടു ഡാമുകളുടെയും രണ്ടു ഷട്ടറുകളാണ് തുറന്നത്. ഇതേതുടർന്ന് പെരിയാറിൻറെ തീരത്തുള്ളവർക്ക് ജാഗ്രതാ നിർദേശം നൽകി.

രാജാക്കാട്മൈലാടുംപാറ റൂട്ടിൽ മരംവീണ് ഗതാഗതം തടസപ്പെട്ടു. ഇവിടെ ഇടവിട്ട് മഴ പെയ്യുന്നുണ്ട്. അതേസമ!യം, ദേവികുളം കോളനിയിൽ കരിങ്കൽ ഭിത്തി ഇടിഞ്ഞ് വീടിനു മുകളിലേക്കു വീണു. സംഭവത്തിൽ ആർക്കും പരിക്കില്ല. വീടിൻറെ അടുക്കള ഉൾപ്പടെ ഭാഗികമായി തകർന്നു.

ദേവികുളം താലൂക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ ഗ്യാപ് റോഡിലൂടെയുള്ള യാത്ര പൂർണമായും നിരോധിച്ചു.

# വൈദികൻറെ കഴുത്തിൽ കത്തിവച്ച് പണവും ഐ ഫോണും കവർന്നു; യുവാവ് അറസ്റ്റിൽ

കൊച്ചി: എറണാകുളത്ത് ഹോട്ടൽ മുറിയിൽ അതിക്രമിച്ച് കയറി വൈദികൻറെ കഴുത്തിൽ കത്തിവച്ച് 40,000 രൂപയും ഐ ഫോണും കവർന്നയാൾ അറസ്റ്റിൽ. കണ്ണൂർ സ്വദേശി ആൽബിൻ ആണ് അറസ്റ്റിലായത്.

കഴിഞ്ഞ ഞായറാഴ്ചയാണ് കോട്ടയം സ്വദേശിയായ വൈദികൻ സ്വകാര്യ ആവശ്യത്തിനായി എറണാകുളത്ത് എത്തിയത്. തുടർന്ന് വിശ്രമിക്കാനായി കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപത്തെ ഹോട്ടലിൽ മുറിയെടുത്തു.

പിന്നാലെ മുറിയിൽ അതിക്രമിച്ചെത്തിയ ആൽബിൻ, വൈദികൻറെ കഴുത്തിൽ കത്തിവച്ച് ഭീഷണിപ്പെടുത്തി 40,000 രൂപയും ഐ ഫോണും കവർന്നു. തുടർന്ന് ഇവിടെ നിന്നും ഇയാൾ രക്ഷപെട്ടു.

വൈദികൻ ഉടൻതന്നെ കൊച്ചി സെൻട്രൽ പോലീസിൽ പരാതി നൽകി. കഴിഞ്ഞ ദിവസം ഇയാൾ ഐ ഫോണിൽ സിം കാർഡ് ഇടാൻ ശ്രമിക്കവെ പോലീസിന് സിഗ്നൽ ലഭിക്കുകയും പോലീസ് ഇയാളെ ഹൈക്കോടതിയുടെ പുറകുവശത്ത് നിന്നും പിടികൂടുകയുമായിരുന്നു. പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി.

# വിവാഹത്തിൽ നിന്നും പിന്മാറിയ പെൺകുട്ടിയുടെ വീടിന് നേരെ വെടിവച്ചു; യുവാവ് അറസ്റ്റിൽ

മലപ്പുറം: വിവാഹത്തിൽ നിന്നും പിന്മാറിയ പെൺകുട്ടിയുടെ വീടിന് നേരെ വെടിയുതിർത്ത യുവാവ് പിടിയിൽ. മലപ്പുറം കോട്ടക്കലിൽ അർധരാത്രിയോടെയാണ് സംഭവം.പ്രതി വലിയാട് സ്വദേശി അബു താഹിർ അണ് അറസ്റ്റിലായത്. പെൺകുട്ടിയുടെ വീടിന് നേരെ ഇയാൾ എയർഗൺ ഉപയോഗിച്ച് മൂന്നുപ്രാവശ്യം വെടിവയ്ക്കുകയായിരുന്നു. ആക്രമണത്തിൽ ജനൽ ചില്ലുകൾ തകർന്നു.

അബു താഹിറും പെൺകുട്ടിയും തമ്മിലുള്ള വിവാഹം ഉറപ്പിച്ചിരുന്നു. എന്നാൽ ഇതിനു ശേഷം പെൺകുട്ടിയോടും കുടുംബത്തോടും ഇയാൾ മോശമായി പെരുമാറാൻ തുടങ്ങി. ഒരു വിധത്തിലും ഇയാളുമായി സഹകരിക്കാൻ സാധിക്കില്ലെന്ന് മനസിലായി.

പിന്നാലെ ഇയാളെ വിവാഹം ചെയ്യാൻ സാധിക്കില്ലെന്ന് പെൺകുട്ടി നിലപാടെടുത്തതോടെ കുടുംബം വിവാഹത്തിൽ നിന്നും പിന്മാറുകയായിരുന്നു. കസ്റ്റഡിയിലെടുത്ത പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി.

# മനു തോമസ് സിപിഎം സംസ്ഥാന സെക്രട്ടറിക്ക് നൽകിയ പരാതി പുറത്ത്

കണ്ണൂർ: കണ്ണൂരിലെ മുൻ ഡിവൈഎഫ്ഐ നേതാവ് മനു തോമസ് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന് നൽകിയ പരാതി പുറത്ത്. 2023 ഏപ്രിലിലാണ് മനു തോമസ് സംസ്ഥാന സെക്രട്ടറിക്ക് പരാതി നൽകിയത്.

യുവജന കമ്മീഷൻ ചെയർമാൻ എം. ഷാജർ സ്വർണക്കടത്ത് ക്വട്ടേഷൻ സംഘവുമായി ചേർന്ന് തനിക്കെതിരെ ഗൂഢാലോചന നടത്തിയെന്നാണ് മനു തോമസിൻറെ പരാതിയിൽ പറയുന്നത്. തെളിവായി ശബ്ദരേഖയും ജില്ലാ കമ്മിറ്റിക്ക് ലഭിച്ചതായി മനു തോമസ് പരാതിയിൽ പറയുന്നുണ്ട്.

ആകാശ് തില്ലങ്കേരിയുടെ വാട്സ്ആപ്പ് ഗ്രൂപ്പിലാണ് ശബ്ദരേഖ വന്നത്. പരാതിയെക്കുറിച്ച് മൂന്ന് തവണ ജില്ലാ കമ്മിറ്റിയിൽ ഉന്നയിച്ചു. എന്നാൽ ഇതേക്കുറിച്ച് അന്വേഷിക്കാൻ ഒരു കൊല്ലത്തോളം ജില്ലാ കമ്മിറ്റി തയാറായില്ലെന്നും പരാതിയിൽ ആരോപിക്കുന്നു. ഷാജറിന് ശ്രദ്ധക്കുറവ് ഉണ്ടായി എന്ന പരാമർശം മാത്രമാണ് അന്വേഷണ കമ്മീഷൻ നടത്തിയതെന്നും മനു തോമസ് പരാതിയിൽ ചൂണ്ടിക്കാണിക്കുന്നു.

# ഗുണ്ടകൾ ഭർത്താവിനെ ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെട്ടിരുന്നതായി ദീപുവിൻെറ ഭാര്യ

കാട്ടാക്കട: സംസ്ഥാന അതിർത്തിയായ കളിയിക്കാവിള ഒറ്റമരം കവലയിൽ സ്വന്തം കാറിനുള്ളിൽ കഴുത്തറുത്ത നിലയിൽ കൊല്ലപ്പെട്ട തിരുവനന്തപുരം, മൂക്കുന്നിമല സ്വദേശി ദീപു സോമൻറെ (46) അരുംകൊലയിൽ നടുങ്ങി മലയിൻകീഴിലെ നാട്ടുകാരും മൂക്കുന്നിമലയിലെ വ്യവസായികളും.

ദീപുവിൻറെ പണമിടപാട് സംബന്ധിച്ച് ചില വിഷയങ്ങൾ ഉണ്ടായതായും ചില ഗുണ്ടാസംഘങ്ങൾ ദീപുവിനെ ഭീഷണിപ്പെടുത്തി 50 ലക്ഷത്തോളം രൂപ ആവശ്യപ്പെട്ടിരുന്നതായും ഭാര്യ ആരോപണം ഉന്നയിച്ചു. മകനും ഇത് സ്ഥിരീകരിച്ചു.

അച്ഛന് ഭീഷണി നേരിട്ടതായി പറയുന്നു. നെടുമങ്ങാട് സ്വദേശിയായ ഒരാളുടെ വീട് കോടതി മുഖാന്തരം അറ്റാച്ച് ചെയ്തിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളും നടക്കുന്നതായി ഭാര്യ പറഞ്ഞു. തനിക്ക് ചില ഭീഷണികൾ ഉണ്ടെന്നും കുഞ്ഞുങ്ങളെ ഒറ്റക്ക് പുറത്ത് നിറുത്തുകയോ പുറത്തേക്ക് അയക്കുകയോ ചെയ്യരുത് എന്ന് തന്നോട് ദീപു പറഞ്ഞിട്ടുള്ളതയും ഭാര്യ.

ദുരൂഹതകളും ആശങ്കകളും സംശയങ്ങളും ബാക്കി ആക്കി തമിഴ്നാട് പോലീസിൻറെയും ആശുപത്രിയുടേയും നടപടികൾ പൂർത്തിയാക്കി ചൊവ്വാഴ്ച വൈകുന്നേരത്തോടെ മൃതദേഹം മലയിൻകീഴ് അണപാടുള്ള് വീട്ടിൽ എത്തിച്ചു.

സംസ്ക്കാരം ബുധനാഴ്ച നടക്കും. തിങ്കളാഴ്ച രാത്രിയിടെയാണ് ദീപുവിന് അപകടം പറ്റിയതായി വീട്ടിലും ബന്ധുക്കൾക്കും ഫോൺ സന്ദേശം എത്തിയത്. പിന്നാലെ തമിഴ്നാട് പോലിസ് കൊലപാതകവിവരം അറിയിച്ചു .

തിങ്കളാഴ്ച രാത്രി ഏഴിന് ദീപു ജെസിബി വാങ്ങുന്നത്തിനും അടുത്ത ആഴ്ച തുറക്കാൻ ഇരിക്കുന്ന ക്രഷറിയിലേക്കും ലെയിത്‌ലേക്കും ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും വേണ്ടിയാണ് തമിഴ്നാട് കോയമ്പത്തൂർ പൊള്ളാച്ചി എന്നിവിടങ്ങളിലേക്ക് പോകുന്നതായി കുടുംബത്തെ അറിയിച്ചിരുന്നത്.

തക്കലയുള്ള സുഹൃത്തും അവിടുന്ന് അങ്ങോട്ടേക്ക് ഉള്ള യാത്രയിൽ ഉണ്ടാകുമെന്നും പറഞ്ഞിരുന്നു. എന്നാല് വീട്ടുകാരെ തേടിയെത്തിയത് കൊലപാതക വാർത്തയാണ്.

ജെസിബി വാങ്ങുമ്പോൾ നൽകാനായി തലേ ദിവസം ബാങ്കിൽ നിന്നും പിൻവലിച്ച 10 ലക്ഷം രൂപയും ദീപു കാറിൽ കരുതിയിരുന്നു. ഇതും ദീപുവിൻറെ മൊബൈൽ ഫോണും കൊലപാതക ശേഷം നഷ്ടപ്പെട്ടിട്ടുണ്ട്. സംഭവ ശേഷം കൊലപാതകി എന്ന് സംശയിക്കുന്ന ആൾ ഒരു ബാഗുമായി മുടന്തി നടന്നു നീങ്ങുന്ന സിസിടിവി ദൃശ്യവും പുറത്ത് വന്നിട്ടുണ്ട്.

തമിഴ്നാട് പോലിസ് നാല് സ്പെഷൽ സംഘമായാണ് അന്വേഷണം നടത്തി വരുന്നത്. തക്കല ഡിവൈഎസ്പിയുടെ നേതൃത്വത്തിലാണ് അന്വേഷണം.

തിരുവനന്തപുരം പാപ്പനംകോട് കൈമനം വിവേക് നഗറിൽ ദിലീപ് ഭവനിൽ പരേതനായ സോമൻറെയും, ലളിതയുടെയും മകനായ ദീപു, 2014 ലാണ് മലയിൻകീഴ് അണപാട് ആഡംബര വീട് പണിതു താമസം ആരംഭിച്ചത്.

ക്രഷർനു പുറമേ വീടിന് സമീപത്തായി തന്നെ ജെസിബി ,ടിപ്പർ ഉൾപെടെ പണിയുന്ന ലെയിത്തും ദീപു നടത്തി വന്നിരുന്നു. ജെസിബി, ഹിറ്റാച്ചി ഓപ്പറേറ്റർ മാരുമായും, ഉടമകളുമായും അടുത്ത ബന്ധം സ്ഥാപിച്ചിരുന്ന വ്യവസായിക്ക് ഇതുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള സാമ്പത്തിക ഇടപാടുകളും പലയിടത്തായി ഉള്ളതായാണ് വിവരം.

ദീപുവിൻറെ ഓഫീസ് സൂപ്പർ വൈസർ അനിൽ കുമാറും തമിഴ്നാട് യാത്രക്ക് ഒപ്പം പോകാനായിരുന്നതാണ് എന്നാല് രാത്രി വീട്ടിൽ മാറ്റാരും ഇല്ലാത്തതിനാൽ അനിൽകുമാർ കൂടെ പോയില്ല. തനിക്ക് ചില ഭീഷണികൾ ഉള്ളതായി ദീപു നേരത്തെ സൂചിപ്പിച്ചിരുന്നു എന്നതായി അനിൽകുമാറും പറയുന്നു. തമിഴ്നാട് ക്യു ബ്രാഞ്ചും കേരള പോലീസും വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കളിയിക്കാവിളയിൽ കാറിനുള്ളിൽ കൊലചെയ്യപ്പെട്ട കൈമനം സ്വദേശി ദീപുവിൻറെ മരണം വിശ്വാസിക്കാനാകാതെ ജന്മനാട്. ഇന്നലെ രാവിലെയാണ് ദീപുവിൻറെ കൊലപാതകം നാട്ടുകാരറിയുന്നത്. പലർക്കും സംഭവം വിശ്വാസിക്കാനായില്ല.

കൈമനത്തെ കുടുംബ വീട്ടിൽ അമ്മ ലളിതയും ജ്യേഷ്ഠൻ ദിലീപും കുടുംബവുമാണ് ഇപ്പോൾ താമസിക്കുന്നത്. രണ്ട് ദിവസം മുമ്പാണ് ദീപു ഇവിടെയെത്തി അമ്മയെ കണ്ട് മടങ്ങിയിരുന്നു. മരണ വിവരമറിഞ്ഞ് കൈമനത്തുണ്ടായിരുന്ന അമ്മ ലളിത മലയിൻകീഴ് വീട്ടിലേയ്ക്ക് പോയി. ഏതാനും വർഷങ്ങൾക്ക് മുമ്പാണ് ദീപു മലയിൻകീഴിൽ പുതിയ വീട് വെച്ച് താമസം മാറ്റുന്നത്.

കുടുംബ വീടിന് സമീപത്തെ നീറമൺകര മന്നം മെമ്മോറിയൽ സ്കൂളിലാണ് ദീപുവിൻറെ പഠനം. പിതാവ് സോമന് മലയത്ത് ക്വാറിയും ലോറിയുമുണ്ടായിരുന്നു. അച്ഛൻറെ പാത പിൻതുടർന്ന ദീപുവും മൂക്കുന്നിമലയിൽ ക്രഷർ യൂണിറ്റ് തുടങ്ങുകയായിരുന്നു.

കോടതി ഉത്തരവ് പ്രകാരം മൂക്കുന്നിമലയിലെ ക്വാറികളെല്ലാം പ്രവർത്തനം നിർത്തിയതോടെ ദീപു വാഹനങ്ങളുടെ സ്പെയർ പാർട്സ് ബിസിനസ് നടത്തിവരികയായിരുന്നു. മരണ വിവരമറിഞ്ഞ് സുഹൃത്തുക്കളും നാട്ടുകാരും സംഭവസ്ഥലത്തേയ്ക്ക് പോയിരുന്നു.

# ഐ.ടി.ഐ പ്രവേശനം: മെട്രിക്/നോൺ മെട്രിക് ട്രേഡുകളിൽ പ്രവേശനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 44 ഐ.റ്റി.ഐ കളിലെ വിവിധ മെട്രിക് / നോൺ മെട്രിക് ട്രേഡുകളിലേക്ക് 202425 ബാച്ചിലെ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. www.scdd.kerala.gov.in ലുള്ള SCCD I.T.I ADMISSION 2024 എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് 80 ശതമാനം, എസ്.റ്റി വിഭാഗത്തിന് 10 ശതമാനം, മറ്റു വിഭാഗത്തിന് 10 ശതമാനം എന്നിങ്ങനെയാണ് സീറ്റുകൾ നിലവിലുള്ളത്. ജൂലൈ 25 നകം അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി. ഒ., തിരുവനന്തപുരം, ഫോൺ നം. 0471 2316680

ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ് സിവിൽ സ്റ്റേഷൻ, കോഴിക്കോട് ഫോൺ നം. 0495 2371451 ജില്ലാ / ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ എന്നിവയിൽ നിന്നും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും.

# യാത്രാനിരക്ക് പ്രദർശിപ്പിക്കാത്ത സ്വകാര്യബസ് ഉടമകൾക്കെതിരെ കർശന നടപടി: കളക്ടർ

കൊല്ലം : യാത്രാനിരക്ക് പ്രദർശിപ്പിക്കാത്ത സ്വകാര്യ ബസ് ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ എൻ .ദേവീദാസ്. വിദ്യാർഥികളുടെ യാത്രസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചു ചേംബറിൽ കൂടിയ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ സ്വകാര്യ ബസുകളിലും കൺസഷൻ നിരക്ക്, സമയക്രമം, പരാതി ബോധിപ്പിക്കുന്നതിനുള്ള നമ്പർ എന്നിവ പ്രദർശിപ്പിക്കേണ്ടതാണ്. യാത്രാ കൺസഷനുമായി ബന്ധപ്പെട്ട പരാതികൾ 04742993335 നമ്പറിൽ അറിയിക്കാം.വിദ്യാർഥികൾക്ക് യാത്ര ഇളവ് അനുവദിക്കുന്നത് 27 വയസുവരെ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ ഐഡി കാർഡ് അതത് ആർ ടി ഒ, ജോയിൻറ് ആർ ടി ഒമാരിൽ നിന്നും ലഭിക്കും.ഒന്നു മുതൽ പ്ലസ് ടു വരെയുള്ള സ്കൂൾ കുട്ടികൾക്കും ഐടിസി, പോളിടെക്നിക് എൻജിനീയറിങ് എന്നീ സാങ്കേതിക കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കും കോളജ് വിദ്യാർഥികൾക്കും സ്ഥാപനമേധാവികൾ നൽകുന്ന ഐഡി കാർഡ് ഉപയോഗിച്ച് യാത്ര ഇളവ് അനുവദിക്കുന്നതാണ്.വിദ്യാഭ്യാസ സ്ഥാപനം മുതൽ വിദ്യാർഥിയുടെ താമസസ്ഥലംവരെ പരമാവധി 40 കിലോമീറ്റർ യാത്രാഇളവ് ലഭിക്കും. എല്ലാ സ്വകാര്യബസ് ജീവനക്കാരും വിദ്യാർഥികൾക്ക് സുഗമമായ യാത്ര ഉറപ്പുവരുത്തേണ്ടതും അർഹമായ എല്ലാ വിദ്യാർഥികൾക്കും കൺസഷൻ നൽകേണ്ടതുമാണ്. കൺസഷൻ സമയപരിധി രാവിലെ ആറുമുതൽ വൈകുന്നേരം ഏഴുവരെയായി അനുവദിക്കാവുന്നതുമാണെന്നും അദ്ദേഹം പറഞ്ഞു.

വിവിധ കോളേജുകൾ, ഐ ടി സി, പോളിടെക്നിക് പ്രതിനിധികൾ, സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഭാരവാഹികൾ, പോലീസ്, മോട്ടർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# അനധികൃത മദ്യവിൽപ്പനക്കാർക്ക് മദ്യം കൈമാറി; എക്സൈസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ

കോഴിക്കോട്: അനധികൃത മദ്യ വിൽപ്പനക്കാർക്ക് മദ്യം എത്തിച്ച് നൽകിയ എക്സൈസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ.

നാദാപുരം എക്സൈസ് റേഞ്ചിലെ പ്രിവൻറീവ് ഓഫീസർ സി. അബ്ദുൾ ബഷീറിനെയാണ് സസ്പെൻഡ് ചെയ്തത്.കഴിഞ്ഞ ദിവസം ആറ് ലിറ്റർ അനധികൃത മദ്യവുമായി കൊയിലാണ്ടി കീഴയിരൂർ സ്വദേശി ദാമോദരനെ പിടികൂടിയിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്.

കുറഞ്ഞ വിലയ്ക്ക് മദ്യം കൈമാറാമെന്ന് അറിയിച്ച് അബ്ദുൾ ബഷാറാണ് ദാമോദരനുമായി ബന്ധപ്പെട്ടത്. തുടർന്ന് നാലായിരം രൂപയ്ക്ക് കൊയിലാണ്ടി ബസ് സ്റ്റാൻഡിൽ വച്ച് ആറ് ലിറ്റർ മദ്യം കൈമാറി. ഈ മദ്യവുമായി വരുമ്പോഴാണ് ദാമോദരനെ പിടികൂടിയത്. ഫോൺ രേഖകൾ പരിശോധിച്ച് എക്സൈസ് ഉദ്യോഗസ്ഥർ ഇക്കാര്യം സ്ഥിരീകരിച്ചു.തുടർന്നാണ് അബ്ദുൾ ബഷീറിനെ സസ്പെൻഡ് ചെയ്തത്. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ പേരാമ്പ്ര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2024 June 27 Thursday





# ലോക് സഭാ സ്പീക്കറായി ഓം ബിർളയെ തിരഞ്ഞെടുത്തു

ന്യൂഡൽഹി: 18ാം ലോക്സഭയുടെ സ്പീക്കറായി ബിജെപി എംപി ഓം ബിർളയെ ശബ്ദ വോട്ടോടെ തിരഞ്ഞെടുത്തു. തുടർച്ചയായി രണ്ടാം തവണയാണ് ഓം ബിർള സ്പീക്കറാകുന്നത്. രാജസ്ഥാനിലെ കോട്ടയിൽ നിന്നുള്ള എംപിയാണ് അദ്ദേഹം.സ്പീക്കറായി ഓം ബിർളയെ തിരഞ്ഞെടുത്തതിന് പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ചേർന്ന് അദ്ദേഹത്തെ ഇരിപ്പിടത്തിലേക്ക് ആനയിക്കുന്നതിനും പാർലമെന്റ് സാക്ഷ്യംവഹിച്ചു. പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജുവും ഇവരെ അനുഗമിച്ചു.മാവേലിക്കര എംപി കൊടിക്കുന്നിൽ സുരേഷായിരുന്നു ഇന്ത്യ സഖ്യത്തിന്റെ സ്ഥാനാർഥി. ഓം ബിർളയെ തിരഞ്ഞെടുക്കാനുള്ള പ്രമേയം പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് അവതരിപ്പിച്ചത്. കൊടിക്കുന്നിൽ സുരേഷിനായുള്ള പ്രമേയം പ്രതിപക്ഷവും അവതരിപ്പിച്ചു. എന്നാൽ, ശബ്ദവോട്ടിൽ പ്രധാനമന്ത്രിയുടെ പ്രമേയം അംഗീകരിക്കുകയും പ്രതിപക്ഷത്തിന്റെ പ്രമേയം തള്ളുകയും ചെയ്തു.

ഓം ബിർളയെ ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും അംഗങ്ങൾ എഴുന്നേറ്റുനിന്ന് അനുമോദിച്ചു. സ്പീക്കറെ അദ്ദേഹത്തിന്റെ ഇരിപ്പടത്തിലേക്ക് ആനയിക്കുന്നതിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പരസ്പരം ഹസ്തദാനം ചെയ്യുകയുമുണ്ടായി.

അപൂർവ്വമായിട്ടാണ് ലോക്സഭാ സ്പീക്കർ സ്ഥാനത്തേക്ക് മത്സരം നടക്കാറുള്ളത്. പ്രതിപക്ഷവും ഭരണപക്ഷവും സമവായത്തിലെത്തിയാണ് സ്പീക്കറെ സാധാരണ തിരഞ്ഞെടുക്കാറുള്ളത്. സ്പീക്കർ പദവിയിലേക്ക് ഭരണപക്ഷ അംഗത്തെ തിരഞ്ഞെടുക്കുമ്പോൾ പ്രതിപക്ഷത്തിന് ഡെപ്യൂട്ടി സ്പീക്കർ പദവി നൽകലാണ് കീഴ് വഴക്കം. എന്നാൽ കഴിഞ്ഞ രണ്ടുതവണയും പ്രതിപക്ഷത്തിന് ഡെപ്യൂട്ടി സ്പീക്കർ പദവി നൽകിയിരുന്നില്ല. ഇത്തവണ അംഗ ബലം കൂടിയ സാഹചര്യത്തിൽ ഡെപ്യൂട്ടി സ്പീക്കർ പദവി വേണമെന്ന നിർബന്ധത്തിലായിരുന്നു പ്രതിപക്ഷം. സർക്കാർ സമവായ നീക്കങ്ങൾ നടത്തിയപ്പോൾ ഈ ആവശ്യമാണ് കോൺഗ്രസും ഇന്ത്യ സഖ്യവും മുന്നോട്ടുവെച്ചത്. എന്നാൽ ബിജെപി ഡെപ്യൂട്ടി സ്പീക്കർ പദവിയിൽ ഉറപ്പ് നൽകാത്തതിനെ തുടർന്നാണ് കോൺഗ്രസ് സ്ഥാനാർഥിയെ നിർത്തിയത്.ഇന്ത്യ സഖ്യത്തെ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ സർക്കാർ നിർബന്ധിച്ചു. സ്പീക്കർ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നില്ല, പക്ഷേ സർക്കാർ ഇന്ത്യൻ സഖ്യത്തെ, പ്രത്യേകിച്ച് കോൺഗ്രസ് പാർട്ടി നേതൃത്വത്തെ സമീപിച്ചപ്പോൾ, ഞങ്ങൾ ഡെപ്യൂട്ടി സ്പീക്ക സ്ഥാനം ആവശ്യപ്പെട്ടു. ഇന്നലെ രാവിലെ 11.30 ആയിട്ടും അവർ ഒരു ഉറപ്പും നൽകിയില്ല, ആദ്യം നിങ്ങൾ സ്പീക്കർ തിരഞ്ഞെടുപ്പിൽ ഞങ്ങളെ പിന്തുണയ്ക്കൂവെന്നാണ് മറുപടി നൽകിയത്. അതുകൊണ്ടാണ് സ്പീക്കർ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഞങ്ങളുടെ നേതാക്കൾ തീരുമാനിച്ചത്, അല്ലാത്തപക്ഷം അത് ഒഴിവാക്കാമായിരുന്നു.

# നീറ്റ് പരീക്ഷാ ക്രമക്കേടിൽ സമഗ്ര അന്വേഷണം വേണം: ഐകകണ്ഠേനെ പ്രമേയം പാസാക്കി നിയമസഭ

തിരുവനന്തപുരം: നീറ്റ് പരീക്ഷയിലെ ക്രമക്കേടിനെതിരെ ഐകകണ്ഠേനെ പ്രമേയം പാസാക്കി നിയമസഭ. എം. വിജിൻ അവതരിപ്പിച്ച ഉപക്ഷേപമാണ് പാസാക്കിയത്.

നെറ്റ് പരീക്ഷയെ കാവിവത്കരിക്കാനുള്ള ശ്രമമാണ് നടന്നതെന്ന് എം. വിജിൻ ആരോപിച്ചു. നീറ്റ് പരീക്ഷാ ക്രമക്കേട് ലക്ഷക്കണക്കിന് വിദ്യാർഥികളുടെ മനസിൽ തീ കോരിയിട്ട സംഭവമാണ്. ഏറെ പ്രതീക്ഷയോടെ 24 ലക്ഷത്തിലധികം കുട്ടികൾ എഴുതിയ പരീക്ഷാ നടത്തിപ്പിലെ വീഴ്ച മാപ്പ് അർഹിക്കുന്നതല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യാപകമായ പണമിടപാടും അഴിമതിയും ക്രമക്കേടുകളും നീറ്റ് പരീക്ഷയിൽ നടന്നു. പരിശീലന സെൻററുമായി ചേർന്നു നടത്തിയ കൊള്ളയാണ് നെറ്റ് പരീക്ഷയിൽ നടന്നത്. പ്രതിഫലമായി കോടികളാണ് മറിഞ്ഞത്. ബിജെപി നേതാക്കൾക്ക് ക്രമക്കേടിൽ നേരിട്ട് ബന്ധമുണ്ടെന്നും വിജിൻ ആരോപിച്ചു.

രണ്ടു മണിക്കൂർ ചർച്ചയാണ് വിഷയത്തിൽ നടന്നത്. വലിയ ക്രമക്കേടുകളാണ് പരീക്ഷയിൽ നടന്നതെന്ന് ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും അംഗങ്ങൾ വിമർശിച്ചു. സമഗ്ര അന്വേഷണം വേണമെന്നും വിദ്യാർഥികളുടെ ആശങ്ക പരിഹരിക്കണമെന്നും സഭ ആവശ്യപ്പെട്ടു.

# മുതിരപ്പുഴയുടെ തീരങ്ങളിലുള്ളവർക്ക് ജാഗ്രതാ നിർദേശം

മൂന്നാർ: കനത്ത മഴയിൽ മുതിരപ്പുഴയിലെ ജലനിരപ്പ് ഉയരുവാനുള്ള സാധ്യത കണക്കിലെടുത്ത് മുതിരപ്പുഴയാറിൻറെ തീരങ്ങളിൽ താമസിക്കുന്നവർക്ക് അതീവ ജാഗ്രതാ നിർദ്ദേശം നൽകി. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം ജലവൈദ്യുത പദ്ധതിയിലേക്ക് ജലം എത്തിക്കുന്ന പെൻസ്റ്റോക്കിൻറെ വാൽവിൽ ചോർച്ച ശ്രദ്ധയിൽപ്പെട്ടതും ഡാം തുറക്കുവാനുള്ള തീരുമാനം എടുക്കുന്നതിന് കാരണമായി.

ചൊവ്വാഴ്ച രാവിലെ മുതൽ പ്രദേശത്ത് കനത്ത മഴയാണ് ചെയ്തത്. പഴയ മൂന്നാറിലെ രാമസ്വാമി അയ്യർ ഹെഡ വർക്സ് ഡാമിൻറെ മൂന്ന് ഷട്ടറുകൾ പൂർണമായും തുറക്കുവാനാണ് വൈദ്യുത വകുപ്പ് ഉദ്യോഗസ്ഥരുടെ തീരുമാനം.

# മുൻ ഭർത്താവ് നഗ്നചിത്രം പ്രചരിപ്പിച്ചു; മനംനൊന്ത് യുവതി ജീവനൊടുക്കി, മരണം വിവാഹമോചനം നേടി മൂന്നാം നാൾ

തിരുവനന്തപുരംമ മുൻ ഭർത്താവ് നഗ്ന ചിത്രമെടുത്ത് പ്രചരിപ്പിച്ചതിൽ മനംനൊന്ത് യുവതി ആത്മഹത്യ ചെയ്തു. തിരുവനന്തപുരം വട്ടിയൂർക്കാവിലാണ് സംഭവം.

മൂന്നു ദിവസം മുൻപ് വിവാഹ മോചിതയായ യുവതിയെ വീട്ടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. മുൻ ഭർത്താവിന്റെ പീഡനത്തെ തുടർന്നാണ് ജീവനൊടുക്കുന്നതെന്ന് എഴുതിയ കുറിപ്പ് മുറിയിൽ നിന്ന് കണ്ടെടുത്തു.

മകൾക്കെതിരെ ലൈംഗിക അതിക്രമം നടത്തിയതിന് പോക്സോ കേസിലും പ്രതിയാണ് മുൻ ഭർത്താവ്. കഴിഞ്ഞ ശനിയാഴ്ച കോടതിയിൽ നിന്നു വിവാഹമോചനം ലഭിച്ച വീട്ടമ്മ മകളുമൊത്ത് മണികണ്ഠേശ്വരത്ത് താമസിക്കുകയായിരുന്നു. തിങ്കളാഴ്ച രാത്രിയോടെ വീട്ടിലെത്തിയ ഇയാൾ വീട്ടമ്മയെ ക്രൂരമായി മർദ്ദിക്കുകയും ശാരീരിക പീഡനത്തിന് ഇരയാക്കുകയും ചെയ്തെന്ന് ബന്ധുക്കൾ ആരോപിച്ചു. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് പൊലീസ് അറിയിച്ചു.

# പോക്സോ കേസിൽ 55കാരന് കഠിന തടവ്

തൊടുപുഴ: പതിനഞ്ചുകാരിയെ ശാരീരികമായി ഉപദ്രവിക്കാൻ ശ്രമിച്ച കേസിൽ 55 കാരന് മൂന്നുവർഷം കഠിന തടവും അന്പതിനായിരം രൂപ പിഴയും ശിക്ഷ. രാജാക്കാട് പഴയവിടുതി ചാത്തൻപുരയിടത്തിൽ ഷാബു എന്ന സാബുവിനെയാണ് ദേവികുളം ഫാസ്റ്റ് ട്രാക്ക് സ്പെഷൽ പോക്സോ കോടതി ജഡ്ജി എം.ഐ. ജോൺസൺ ശിക്ഷിച്ചത്. പിഴസംഖ്യ അടച്ചില്ലെങ്കിൽ പ്രതി ആറുമാസം കൂടി കഠിനതടവ് അനുഭവിക്കണം. പിഴസംഖ്യയും ഇടുക്കി ഡിസ്ട്രിക്ട് ലീഗൽ സർവീസസ് അഥോറിട്ടിയുടെ വിക്ടിം കോന്പൻസേഷൻ സ്കീമിൽനിന്ന് നഷ്ടപരിഹാരവും നൽകാൻ ഉത്തരവിട്ടു. 2023 ലായിരുന്നു കേസിനാസ്പദമായ സംഭവം. മാതാപിതാക്കൾ നടത്തിയിരുന്ന കടയിൽ കുട്ടി മാത്രം ഉണ്ടായിരുന്ന സമയമെത്തി പ്രതി ഉപദ്രവിക്കാൻ ശ്രമിക്കുകയായിരുന്നു. പെൺകുട്ടി മാതാപിതാക്കളെ വിവരം അറിയിച്ചതിനെത്തുടർന്ന് പോലീസെത്തി പ്രതിയെ പിടി കൂടുകയായിരുന്നു. രാജാക്കാട് എസ്ഐ മിഥുൻ മാത്യുവാണ്അന്വേഷണം നടത്തിയത്.

# മഴക്കെടുതിയിൽ വ്യാപകനഷ്ടം; ഒരാൾ മരിച്ചു

അമ്പലപ്പുഴ: ശക്തമായ കാറ്റിൽ അമ്പലപ്പുഴ, മാവേലിക്കര, തക ഴി, എടത്വ തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപകനാശം. മാവേലിക്ക രയിൽ വയോധികൻ മരിച്ചു. ഇന്നലെ വൈകിട്ടോടെ ഉണ്ടായ ചുഴലിക്കാറ്റാണ് പ്രദേശത്ത് നാശനഷ്ടത്തിനു വഴിയൊരുക്കിയത്. പലയിടങ്ങളിലും മരം വീണ് വീടിനും കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു.

വൈദ്യുത പോസ്റ്റുകൾ ഒടിഞ്ഞുവീണും മരങ്ങൾ വീണ് കമ്പികൾ പൊട്ടിയും വൈദ്യുതബന്ധം നിലച്ചു. പുന്നപ്ര, അമ്പലപ്പുഴ, തകഴി വൈദ്യുതി സെക്ഷൻ പരിധിയിൽ മരങ്ങൾ വീണ് പലയിടങ്ങളിലും വൈദ്യുതി പൂർണമായും നിലച്ചു. മരങ്ങൾ വെട്ടിമാറ്റിയും ഒടിഞ്ഞുവീണ പോസ്റ്റുകൾ പകരം സ്ഥാപിച്ചതിനുശേഷമേ വൈദ്യുതബന്ധം പുനസ്ഥാപിക്കാനാകൂ. ചൊവ്വാഴ്ചയും അറ്റകുറ്റപ്പണികൾ നടത്തേണ്ടിവരും.

പുന്നപ്ര തെക്ക് ആറാം വാർഡിൽ കാളുതറ സുദേവിൻറെ വീടിനുമുകളിൽ മാവിൻറെ ചില്ല ഒടിഞ്ഞുവീണ് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു. ശക്തമായ കാറ്റിൽ സമീപത്തെ മാവിൻറെ ചില്ല ഒടിഞ്ഞുവീഴുകയായിരുന്നു. എട്ടിൽ മുരളിയുടെ വീടിനു സമീപത്തെ പോസ്റ്റ് മരം വീണ് ഒടിഞ്ഞ് വൈദ്യുതി നിലച്ചു. വെട്ടിക്കരി ഷാപ്പിനുമുകളിൽ മരം വീണ് കെട്ടിടം പൂർണമായും തകർന്നു. സമീപത്തെ തോടിനോട് ചേർന്നുള്ള പുളിമരം കടപുഴകി വീഴുകയായിരുന്നു. കെട്ടിടത്തിനുള്ളിൽ ആളുണ്ടായിരുന്നെങ്കിലും അപകടം ഒഴിവായി.

പുറക്കാട് പഞ്ചായത്ത് രണ്ടാം വാർഡിൽ മുതിരപ്പറമ്പിൽ വത്സലയുടെ വീടിനു മുകളിൽ മരം മറിഞ്ഞു വീണ് ഭാഗിക നാശനഷ്ടം സംഭവിച്ചു. ഭിത്തിക്ക് വിള്ളലും ജനൽപൊളിഞ്ഞുവീണു. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 11ാം വാർഡ് ആഞ്ഞിലിപ്പറമ്പ് തൈക്കാവ് ഭാഗത്ത് കൂറ്റൻ തേക്ക് വീണു പോസ്റ്റ് നിലം പൊത്തി.

അമ്പലപ്പുഴ തെക്ക് ഒമ്പതാം വാർഡ് കരുമാടി വടക്കേപുത്തൻപുരയ്ക്കൽ രത്നമ്മയുടെ വീടിൻറെ മുകളിൽ മാവും അടയ്ക്കാ മരവും വീണു. ഷീറ്റ് മേഞ്ഞ വീട് പൂർണമായും തകർന്നു. മരം വീഴുന്ന ശബ്ദം കേട്ട് വീട്ടിൽ ഉണ്ടായിരുന്നവർ ഓടി ഇറങ്ങിയതിനാൽ ദുരന്തം ഒഴിവായി.

പല ഭാഗത്തും വൈദ്യുതബന്ധം മണിക്കൂറുകളോളം നിലച്ചു. രാത്രി ഏറെ വൈകിയും മരങ്ങൾ മുറിച്ചു നീക്കാനുള്ള ശ്രമം നടത്തി വരുകയാണ്. പുന്നപ്ര, അമ്പലപ്പുഴ, തകഴി വൈദ്യുത സെക്ഷനിലെ ജീവനക്കാരും കരാർത്തൊഴിലാളികളും രാത്രി ഏറെ വൈകിയും മരങ്ങൾ വെട്ടിമാറ്റി ഓരോ പ്രദേശത്തെയും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനുള്ള ശ്രമം നടത്തിവരുകയാണ്.

വാഹനങ്ങളുടെ ലൈറ്റ് വെളിച്ചത്തിലും ടോർച്ച് വെട്ടത്തിലുമാണ് ജോലികൾ തുടരുന്നത്. രാത്രിയിലും തുടരുന്ന ശക്തമായ മഴ മരങ്ങൾ മുറിച്ചുമാറ്റുന്ന ജോലികൾക്കു തടസമാകുന്നു.

മാവേലിക്കര: ശക്തമായി വീശിയടിച്ച കാറ്റിൽ മാവേലിക്കര നഗരത്തിൽ വ്യാപക നാശം. ഒരാൾ മരിച്ചു. ഇരുചക്രവാഹന യാത്രികരായ രണ്ടു പേർക്കു പരിക്ക് നിരവധി വീടുകൾ തകർന്നു. 22 പോസ്റ്റുകൾ തകർന്നു. മാവേലിക്കര വഴുവാടി ഹരിനിവാസിൽ ജനാർദനൻ (70) ആണ് മരണപ്പെട്ടത്. മഴകൊണ്ട് ചോരുന്ന ആസ്ബറ്റോസ് ഷീറ്റിനു മുകളിൽ പ്ലാസ്റ്റിക് ഷീറ്റ് വിരികക്കുന്നതിനിടെ കുഴഞ്ഞുവീണ് മരണപ്പെടുകയായിരുന്നു. മാവേലിക്കര സിവിൽ സ്റ്റേഷന് മുൻപിലെ വാക മരം ഒടിഞ്ഞുവീണ് രണ്ടു പേർക്കു പരിക്കേറ്റു.

ഓലകെട്ടി സോജ ഭവനത്തിൽ സോജ (34), ഓലകെട്ടി മുറിപ്പാലമൂട്ടിൽ വസന്തമുരളി (52) എന്നിവർക്കാണ് പരിക്കേറ്റത്. ഇന്നലെ വൈകിട്ട് 4.28 ഓടെ വീശിയടിച്ച കാറ്റിനെ തുടർന്നായിരുന്നു സംഭവങ്ങൾ. കൊറ്റാർകാവ് മാമൂട്ടിൽ സന്തോഷ്കുമാർ, പോനകം കണ്ടനല്ലൂർ കിഴക്കതിൽ സുനിൽകുമാർ, പോനകം മഠത്ത് വിളയിൽ തെക്കതിൽ രാധാകൃഷ്ണൻ എന്നിവരുടെ വീടുകളാണ് തകർന്നത്.

ശക്തമായ കാറ്റിൽ സമീപത്തുള്ള മരങ്ങൾ കടപുഴകി വീണാണ് വീടുകൾക്കു നാശനഷ്ടം ഉണ്ടായത്. കെഎസ്ഇബിയുടെ 14 11 കെ.വി പോസ്റ്റുകളും 8 എൽപി പോസ്റ്റുകളും ഓടിഞ്ഞു വീണു. മാവേലിക്കര 110 കെ.വി. സബ് സ്റ്റേഷൻ യാഡിൽനിന്നും കറ്റാനം 66 കെവി ഫീഡറിലേക്ക് പോകുന്ന പ്രധാന ലൈനിലേക്ക് സമീപത്തെ ആഞ്ഞലിമരം വീണ് വൈദ്യുതി ബന്ധം പൂണമായും വിഛേദിക്കപ്പെട്ടു.

തെക്കേക്കര ചെറുകുന്നം പുത്തൻവിള തെക്കതിൽ രമണിയുടെ വീടിൻറെ മുകളിലേക്ക് പ്ലാവ് ഒടിഞ്ഞുവീണു വൻ നാശം. തടത്തിലാൽ തേക്കുംവിളയിൽ വിജയൻറെ വീടാണ് പ്ലാവ് വീണു തകർന്നത്.

ഇതിനടുത്തുതന്നെ മറ്റൊരു വീടിൻറെ മുകളിലേക്കും തൊട്ടടുത്തുനിന്ന പ്ലാവ് മറിഞ്ഞു വീണ് തകർന്നിട്ടുണ്ട്. ഭരണിക്കാവ് ജംഗ്ഷനിൽ റോഡരികിൽ നിന്ന ബദാം മറിഞ്ഞ് റോഡിലേക്ക് വീണ് ഗതാഗതം തടസപ്പെട്ടു. കൂടാതെ നിരവധി വൈദ്യുത പോസ്റ്റുകളും തകർന്നിട്ടുണ്ട്.

മാന്നാർ: മരങ്ങൾ വീണതിനെ ത്തുടർന്ന് വൈദ്യുതബന്ധം തകരുകയും വാഹന ഗതാഗതം തടസപ്പെടുകയും ചെയ്തു. മാന്നാർ കുട്ടമ്പേരൂർ തൈവിള കോളനിക്കു സമീപം ആഞ്ഞിലി മരം വൈദ്യുതി ലൈനിലേക്ക് വീണ് രണ്ടു വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞുവീണു. ഇന്നലെ നാലരയോടെ വീശിയടിച്ച കാറ്റിൽ കുട്ടമ്പേരൂർ അഭിനന്ദനത്തിൽ ആർ. അനീഷിൻറെ പുരിടത്തിലെ ആഞ്ഞിലി മരമാണ് കടപുഴകി വീണത്. ഈ സമയം പ്രദേശത്ത് വൈദ്യുതിയില്ലാതിരുന്നതിനാൽ മറ്റ് അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടായില്ല. പരുമലയിൽ കുറുമ്പേശ്വരം ഭാഗത്ത് മരങ്ങൾ വൈദ്യുത ലൈനിൽ വീണ് വൈദ്യുത ബന്ധം തടസപ്പെട്ടു.

സ്കൂളിൻറെ മേൽക്കൂര തകർന്നു വീണു

അമ്പലപ്പുഴ: ശക്തമായ മഴയിലും കാറ്റിലും സ്കൂളിൻറെ മേൽക്കൂര തകർന്നു വീണു. കരുമാടി കെ. കെ. കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂളിൻറെ കിഴക്ക് വശത്ത് പ്രവർത്തിക്കുന്ന യു പി സ്കൂൾ കെട്ടിടത്തിൻറെ മേൽക്കൂരയാണ് ഭാഗികമായി തകർന്നത്. തിങ്കളാഴ്ച ഉച്ചകഴിഞ്ഞുണ്ടായ ശക്തമായ മഴയിലും കാറ്റിലുമാണ് മേൽക്കൂരയിലെ സീലിംഗും ഓടുകളും തകർന്നത്. മഴ ശക്തമായതിനെതുടർന്ന് കുട്ടികളെ നേരത്തെ വിട്ടതിനാൽ വലിയ അപകടം ഒഴിവായി.

ചെങ്ങന്നൂർ: ഇന്നലെ വൈകുന്നേരം വീശിയടിച്ച ശക്തമായ കാറ്റിലും മഴയിലും വൻ തേക്കുമരം കടപുഴകി 11 കെ.വി. ലൈനു മുകളിലേക്കു വീണു. വൈദ്യുതി മുടങ്ങി. പുത്തൻകാവ് ഇടനാട് റോഡിൽ ഇടനാട് പാലത്തിനു സമീപം ഇന്നലെ വൈകിട്ട് അഞ്ചോടെയാണ് സംഭവം. സമീപത്തെ പറമ്പിൽനിന്ന തേക്ക് കടപുഴകി വീഴുകയായിരുന്നു. ചെങ്ങന്നൂരിൽനിന്നും അഗ്നിശമനസേന എത്തിയാണ് മരം മുറിച്ചു മാറിയത്. കെഎസ്ഇബി ഉദ്യോഗസ്ഥ സംഘവും സ്ഥലത്തെത്തി അറ്റകുറ്റപ്പണികൾ നടത്തിയതിനെത്തുടന്ന് വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു.

# പെരുനാട്ടിൽ പുതിയ പോലീസ് സ്റ്റേഷൻ സമുച്ചയം ഒരുങ്ങുന്നു

റാന്നി: പെരുനാട് പോലീസ് സ്റ്റേഷനായി നിർമിക്കുന്ന മൂന്നുനില കെട്ടിടത്തിൻറെ പണികൾ അവസാന ഘട്ടത്തിലേക്ക്. 1.46 കോടി രൂപ ചെലവിൽ നിർമിക്കുന്ന കെട്ടിടത്തിൻറെ പെയിൻറിംഗ് ജോലികൾ പുരോഗമിക്കുകയാണ്. തറയിൽ ടൈൽ പാകുന്ന ജോലികളും, വയറിംഗ്, പ്ലംബിംഗ്, ഫർണിച്ചർ എന്നിവയുമാണ് ഇനി ബാക്കിയുള്ളത്.

പെരുനാട് പഞ്ചായത്ത് ഓഫീസ് സമുച്ചയത്തോടു ചേർന്ന് പഴയ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്തിരുന്നിടത്താണ് പുതിയ കെട്ടിടം നിർമിക്കുന്നത്. പഞ്ചായത്തിൻറെ പുതിയ മന്ദിരത്തിൻറെ താഴത്തെ നിലയിലേക്ക് പോലീസ് സ്റ്റേഷൻ താത്കാലികമായി മാറ്റിയാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടക്കുന്നത്.

വർഷങ്ങൾക്കു മുൻപ് പെരുനാട്ടിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുമ്പോൾ ക്ഷേത്രത്തിനു സമീപം എൻഎസ്എസ് കരയോഗത്തിൻറെ കെട്ടിടത്തിലായിരുന്നു പ്രവർത്തനം. പിന്നീട് പെരുനാട് ടെലിഫോൺ എക്സ്ചേഞ്ചിനു സമീപത്തെ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്കു മാറ്റി. തുടർന്ന് പെരുനാട് പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് കുടുംബശ്രീക്കായി നിർമിച്ച കെട്ടിടത്തിലേക്കു മാറ്റി.കൂനംകരയിൽ റവന്യു വകുപ്പ് ഏറ്റെടുത്ത മിച്ചഭൂമിയിൽ 30 സെൻറ് പോലീസ് സ്റ്റേഷനു കെട്ടിടം നിർമിക്കാൻ പിന്നീട് വിട്ടുകൊടുത്തിരുന്നു. ഇതു സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ കൈമാറ്റവും നിർമാണവും നടന്നില്ല. നിർമാണത്തെ സംബന്ധിച്ച അനിശ്ചിതത്വം നിലനിൽക്കുന്നതിനിടെയാണ് നിലവിൽ കെട്ടിടം പണി പുരോഗമിക്കുന്ന സ്ഥലം പഞ്ചായത്ത് വിട്ടുകൊടുത്തത്.

പുതിയ കെട്ടിടത്തിൽ വിപുലമായ സൗകര്യങ്ങൾ

പുതുതായി നിർമിക്കുന്ന പോലീസ് സ്റ്റേഷൻറെ ഗ്രൗണ്ട് ഫ്ളോറിൽ പാർക്കിംഗ്, ടോയ്‌ലറ്റ് എന്നിവയാകും ഉണ്ടാകുക, ഒന്നാംനിലയിൽ സ്റ്റേഷൻറെ പ്രവർത്തനങ്ങൾ ക്രമീകരിക്കും. എസ്എച്ച്ഒയുടെ മുറി, ലോക്കപ്പ് ഉൾപ്പെടെ ഇവിടെയാകും.

മുകളിലത്തെ നിലയിൽ വിശ്രമ മുറിയും ഡൈനിംഗ് റൂമും ഉൾപ്പെടെയുള്ളവയാണ്. കേരള പോലീസ് കൺസ്ട്രക്ഷൻ കോർപറേഷനാണ് നിർമാണച്ചുമതല.

# വിവാഹവാഗ്ദാനം നൽകി 12 വയസുകാരിയെ തട്ടിക്കൊണ്ടുപോയ ബീഹാർ സ്വദേശി അറസ്റ്റിൽ

ആലപ്പുഴ: വിവാഹവാഗ്ദാനം നൽകി 12 വയസുള്ള പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ ബീഹാർ സ്വദേശി അറസ്റ്റിൽ. ബീഹാർ വെസ്റ്റ് ചമ്പാരൻ ജില്ലയിൽ ബൽവാ പിഒയിൽ ബൽവാ ബഹുവൻ സ്ട്രീറ്റിൽ ബൽവാ ബഹുബറി വീട്ടിൽ സലീം മിയാൻ മകൻ മെഹമ്മൂദ് മിയാ(38)നെ ആണ് അമ്പലപ്പുഴ പോലീസ് ഇൻസ്പെക്ടർ പ്രതീഷ്കുമാറിൻറെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.

ഈ കഴിഞ്ഞ ജൂൺ 20 ാം തീയതി ഉച്ചയ്ക്ക് 12ന് പെൺകുട്ടിയുടെ അമ്മ വളഞ്ഞവഴിയിൽ ചെമ്മീൻ ഷെഡ്ഡിൽ ജോലിക്കു പോയ സമയം പെൺകുട്ടി വാടകയ്ക്ക് താമസിക്കുന്ന വീടിൻറെ തൊട്ടടുത്ത കെട്ടിടത്തിൽ നേരത്തേ വാടകയ്ക്കു താമസിച്ചിരുന്ന മെഹമ്മൂദ് പെൺകുട്ടിയെയും പെൺകുട്ടിയുടെ വീട്ടിൽ സൂക്ഷിച്ചിരുന്ന 50,000 രൂപയും മോഷണം ചെയ്ത് കടന്നുകളയുകയായിരുന്നു.

അമ്പലപ്പുഴ സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ മെഹമ്മൂദ് പെൺകുട്ടിയെ കേരള എക്സ്പ്രസ് ട്രെയിനിൽ ബീഹാറിലേക്ക് കടത്തിയതായി കണ്ടെത്തി. ജില്ലാ പോലീസ് മേധാവി ചൈത്രാ തെരേസാ ജോണിൻറെ നിർദേശാനുസരണം അന്വേഷണ സംഘം ബീഹാറിലേക്കുള്ള യാത്രാമധ്യേ മഹാരഷ്ട്രയിൽ ബൽഹർഷാ റെയിൽവേ സ്റ്റേഷനിൽ നിന്നു റെയിൽവേ പോലീസിൻറെ സഹായത്തോട പിടികൂടുകയിരുന്നു.

പെൺകുട്ടിയെ അവിടെയുള്ള സിഡബ്ല്യുസിയിൽ ഹാജരാക്കി സിഡബ്ല്യുസിയുടെ നിർദേശപ്രകാരം മതിയായ കൗൺസലിംഗ് നൽകിയ ശേഷം തിരികെ അമ്പലപ്പുഴ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. മൊഴി രേഖപ്പെടുത്തിയശേഷം അമ്പലപ്പുഴ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി കുട്ടിയെ മാതാവിനൊപ്പം വിട്ടയച്ചു.

പ്രതിയെ അമ്പലപ്പുഴ സ്റ്റേഷനിൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. തുടർന്ന് 14 ദിവസത്തേക്ക് കോടതി റിമാൻഡ് ചെയ്യുകയും ചെയ്തു. വിവാഹിതനും മൂന്നു കുട്ടികളുടെ പിതാവുമാണ് അറസ്റ്റലായ മെഹമ്മൂദ്.

20,000 ത്തോളം രൂപ ടിയാനിൽനിന്നു കണ്ടെടുക്കുകയും ചെയ്തു. സബ് ഇൻസ്പെക്ടർമാരായ ഷാഹുൽ ഹമീദ്, ജയചന്ദ്രൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ നൗഷാദ്.എ, സിവിൽ പോലീസ് ഓഫീസർമാരായ ജോസഫ് ജോയി, വിഷ്ണു, അനൂപ് കുമാർ, മുഹമ്മദ് ഷെഫീക്, ദർശന എന്നിവരടങ്ങുന്ന സംഘമാണ് കുട്ടിയെ കണ്ടെത്തി പ്രതിയെ അറസ്റ്റ് ചെയ്തത്

# അർബൻബാങ്ക് ഭരണസമിതി പിരിച്ചുവിട്ട് അന്വേഷണം നടത്തണം: യുഡിഎഫ്

തൊടുപുഴ: റിസർവ് ബാങ്കിൻറെ നിർദേശ പ്രകാരം 2022 ഫെബ്രുവരിമുതൽ പ്രവർത്തനം നിർത്തിവച്ച അർബൻബാങ്ക് ഭരണസമിതി പിരിച്ചുവിടണമെന്നും ഇവിടെ നടന്ന അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും യുഡിഎഫ് നേതാക്കൾ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ബാങ്കിൻറെ പ്രവർത്തനം പുനരാരംഭിക്കണമെന്നാവശ്യപ്പെട്ടുള്ള സമരപരിപാടികളുടെ ഭാഗമായി 26 മുതൽ ജൂലൈ മൂന്നുവരെ ജനകീയ കൺവൻഷനുകളും രണ്ടുമുതൽ ഓഗസ്റ്റ് ആറുവരെ ബാങ്ക് ബ്രാഞ്ചുകൾക്കു മുന്നിൽ തുടർസമരങ്ങളും നടത്തും.ഈട് വസ്തുക്കളുടെ വില പെരുപ്പിച്ചുകാണിച്ചും മതിയായ രേഖകളില്ലാതെയും വായ്പാപരിധി ലംഘിച്ചും നൽകിയ വായ്പകൾ തിരികെപിടിക്കാൻ കഴിയാതെ ബാങ്കിന് 100 കോടിയിലേറെ രൂപയാണ് ഭരണസമിതി നഷ്ടംവരുത്തിവച്ചത്.ബാങ്കിൻറെ പ്രവർത്തനം തടഞ്ഞിരിക്കുന്നതിനാൽ നിരവധിപ്പേരുടെ നിക്ഷേപം തിരികെ ലഭിക്കാതെ ദുരിതം അനുഭവിക്കുകയാണ്. അധികൃതരുടെ സമ്മർദത്തെത്തുടർന്നു അർബൻ ബാങ്കിൽ നിക്ഷേപം നടത്തിയ 11ഓളം സഹകരണ സംഘങ്ങൾക്ക് ഇതു തിരിച്ചു നൽകാത്തതിനാൽ സംഘങ്ങളുടെ പ്രവർത്തനവും തകർച്ചനേരിടുകയാണ്.

അഴിമതിക്ക് കൂട്ടുനിന്ന ബാങ്ക് ചെയർമാൻ, ജീവനക്കാർ എന്നിവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും യുഡിഎഫ് ആവശ്യപ്പെട്ടു. വായ്പാകുടിശിക ഈടാക്കുന്നതിന് ഈട് വസ്തുക്കളുടെ ലേലവും വിൽപ്പനയും നടത്തുന്നതിനും അഴിമതിയാണ് നടക്കുന്നത്.